നം.കെ.എസ്.എ-കെ.ടി.എം.പ:ി.17/104/2020 തീയതി 23.04.2020

# കോട്ടയം ജില്ലയിലെ പാലാ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ ***പാലാ നഗരസഭയുടെ*** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2018 മുതൽ 31.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ആകെ 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 27.01.2020-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ. സാബു ജോസഫ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2020 മുതൽ 27.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രസാദ് പി ജി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അനിതാ കുമാരി കെ.എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം. എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിനീത് രാജൻ | ഓഡിറ്റർ |
| | ശ്രീമതി കൃഷ്ണപ്രിയ എസ്. | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| ചെയർപേഴ്സൺ | പ്രൊഫ. സെലിൻ റോയി | 01.04.2018 മുതൽ 07.11.18 വരെ |
| | ശ്രീ. കുര്യാക്കോസ് പടവൻ<br>(വൈസ് ചെയർമാൻ)<br>ഇൻ ചാർജ്ജ് | 08.11.2018 മുതൽ 25.11.2018 വരെ |
| | ശ്രീമതി ബിജി ജോജോ | 26.11.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ബി അജയകുമാർ<br>(ഇൻ ചാർജ്ജ്) | 01.04.2018 മുതൽ 08.07.2018 വരെ |
| | ശ്രീ. എ. നവാസ് | 09.07.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീമതി ലളിതാകുമാരി | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. അജു ബി | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ഷീജാമോൾ ജോസഫ് | 01.04.18 മുതൽ 19.06.18 വരെ |
| | ശ്രീ. സുദീപ് എസ് | 20.06.18 മുതൽ 31.03.19 വരെ |
| സൂപ്രണ്ട്,ഗവ. വെറ്ററിനറി ഹോസ്പിറ്റൽ | ഡോ. സുജ വി | 01.04.18 മുതൽ 31.03.19 വരെ |
| സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | ഡോ. ബിൻസി റ്റി. കെ | 01.04.18 മുതൽ 31.03.19 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി പി. എൻ. പൊന്നമ്മ | 01.04.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഉഷ കെ. കെ. | 01.04.18 മുതൽ 05.07.18 വരെ |
| | ശ്രീമതി സബീനാ ബീവി | 06.07.18 മുതൽ 31.03.19 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ. ബി. അജയകുമാർ | 01.04.18 മുതൽ 13.07.18 വരെ |
| | ശ്രീമതി സുധാകുമാരി | 14.07.18 മുതൽ 31.03.19 വരെ |
| സൂപ്രണ്ട്,ഗവ.ആയുർവേദ ഹോസ്പിറ്റൽ | ഡോ. ശ്രീലത എസ്. | 01.04.18 മുതൽ 31.03.19 വരെ |
| സൂപ്രണ്ട്,ഗവ.ഹോമിയോ ഹോസ്പിറ്റൽ | ഡോ. ഹരീന്ദ്രനാഥ് പി. | 01.04.18 മുതൽ 31.03.19 വരെ |

**ഉള്ളടക്കം**


| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | വാർഷികപദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 1-8 | അക്കൗണ്ടുകളുടെ പാസ്സ് ബുക്ക് /ബാങ്ക് ബുക്ക് പൊരുത്തപ്പെടുത്തൽ - അപാകതകൾ |
| 1-9 | ലൈബ്രറി സെസ്സ് , ശുചിത്വ മിഷൻ ഫണ്ട് നീക്കിയിരിപ്പ് തുകകൾ യഥാർത്ഥ കണക്കുമായി പൊരുത്തപ്പെടുന്നില്ല |
| 1-10 | ദേശീയ ചേരി നിർമ്മാർജ്ജനം -സർക്കാർ വായ്പ തിരിച്ചടവ് സംബന്ധിച്ച് |
| 1-11 | രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ |
| 1-12 | തെറ്റായ ശീർഷകങ്ങളിൽ വരവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നു. |
| 1-13 | വസ്തുനികുതി -വൻ കുടിശ്ശിക നിൽക്കുന്നു. |
| 1-14 | ഒഴിവാക്കിയ വസ്തു നികുതി ഈടാക്കേണ്ടതാണ് |
| 1-15 | അനധികൃത കെട്ടിടങ്ങൾ - വസ്തു നികുതി ഈടാക്കുന്നില്ല - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 1-16 | മൊബൈൽ ടവറുകളുടെ വസ്തു നികുതി - കുടിശ്ശിക നിലനിൽക്കുന്നു |
| 1-17 | തൊഴിൽനികുതി - ഈടാക്കുന്നതിലെ അപാകതകൾ. |
| 1-18 | ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു. |
| 1-19 | ലൈസൻസ് നൽകൽ - അപാകതകൾ |
| 1-20 | എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല. |
| 1-21 | വാടക – അപാകതകൾ |
| 1-22 | ക്വാർട്ടേഴ്സ് വാടക - കൃത്യമായി അടവാക്കുന്നില്ല |
| 1-23 | എ സി ഹാൾ വാടകയ്ക്ക് നൽകുന്നില്ല |
| 1-24 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കംഫർട്ട് സ്റ്റേഷനുകൾ |
| | |

| | |
|---|---|
| 1-25 | ബസ്സ്റ്റാന്റ് ഫീസ് പിരിവ് - രസീതു ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തില്ല |
| 1-26 | മുൻസിപ്പൽ സ്റ്റേഡിയം - പ്രവർത്തനം സംബന്ധിച്ച്. |
| 1-27 | വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ |
| 1-28 | അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 1-29 | തനതുഫണ്ടിൽ നിന്നും നൽകിയ തുക തിരികെ ലഭിക്കാൻ അവശേഷിക്കുന്നു. |
| 1-30 | വെള്ളക്കരം ഇനത്തിൽ വൻകുടിശിക നിലനിൽക്കുന്നത് |
| 1-31 | യു.പി.എസുകളുടെ എ.എം.സി - ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 1-32 | പ്രൊവിഡന്റ് ഫണ്ടിൽ അധികമായി ക്ഷാമബത്ത കുടിശിക തുക ലയിപ്പിച്ചു. |
| 1-33 | ലാപ്ടോപ്പ് വാങ്ങലിനായി ഒരേദിവസം രണ്ട് പത്രപ്പരസ്യം-അധികചെലവ്. |
| 1-34 | യാചകപുനരധിവാസം - സ്വകാര്യസ്ഥാപനത്തിന് വർഷം തോറും വികസനഫണ്ടിൽ നിന്ന് തുക നൽകുന്നു . |
| 1-35 | സർക്കാർ ഗ്രാന്റ് വിനിയോഗിച്ച് സ്വകാര്യസ്ഥാപനത്തിന് വാഷിംഗ് മെഷീൻ വാങ്ങി നൽകി - നടപടി ക്രമവിരുദ്ധം |
| 1-36 | കായികപരിശീലനം - അനുവദനീയമായതിലും അധികം തുക ചെലവഴിച്ചു |
| 1-37 | അസിസ്റ്റന്റ് പ്ലാൻ കോ-ഓർഡിനേറ്റർ നിയമനം സംബന്ധിച്ച്. |
| 1-38 | മൂന്നാനിയിലെ നഗരസഭ വക വസ്തുവിലേക്കുള്ള വഴി -സ്ഥലമെടുപ്പ് – അധികച്ചെലവ്. |
| 1-39 | ക്വോട്ട് ചെയ്ത നിരക്കിൽ ബിൽ തയ്യാറാക്കിയില്ല- അധികം തുക കരാറുകാരന് നൽകി |
| 1-40 | ബാരൽവില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല |
| 1-41 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം -പിഴ ഈടാക്കിയില്ല |
| 1-42 | മുനിസിപ്പൽ വാർഡുകളിലേക്ക് എൽ.ഇ.ഡി ബൾബ് വാങ്ങൽ-അപാകതകൾ . |
| 1-43 | മുനിസിപ്പൽ ടൗൺ ഹാൾ ശീതീകരണം - ഭൗതിക സാഹചര്യം ഒരുക്കുന്നതിന് മുൻപ് തുക ഡെപ്പോസിറ്റ് ചെയ്തു. |
| 1-44 | മുനിസിപ്പൽ ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ -ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല |
| 1-45 | കുടിവെള്ള പ്രോജക്റ്റുകളുടെ പൂർത്തീകരണ വിവരം ലഭ്യമായില്ല. |
| 1-46 | കോളനികളുടെ സമഗ്ര വികസനം - തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. |
| 1-47 | സ്ട്രീറ്റ് ലൈറ്റ് ആനുവൽ മെയിന്റനൻസ് കോൺട്രാക്ട്- സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം വ്യക്തമല്ല. |
| 1-48 | പൂതക്കുന്ന് കുടിവെള്ളപദ്ധതി - നിലവിലെ പ്രോജക്ട് ഫലപ്രാപ്തിക്ക് ഉതകുന്നില്ല. |
| 1-49 | മരാമത്ത് പ്രവൃത്തികൾ- ജി.എസ്.ടി കണക്കാക്കിയതിലെ അപാകത. |
| 1-50 | HDPE പൈപ്പ് ലൈൻ സ്ഥാപിക്കൽ - മാർക്കറ്റ് നിരക്ക് നിർണ്ണയത്തിൽ അപാകത. |
| 1-51 | ക്ലീൻ പാലാ രണ്ടാം ഘട്ടം - പ്രോജക്ട് നിർവ്വഹണം ഫലപ്രദമല്ല |
| 1-52 | അങ്കണവാടി പോഷകാഹാരവിതരണം- സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പിലെ ക്രമക്കേടുകൾ. |
| 1-53 | അങ്കണവാടി പ്രവർത്തകർക്ക് ഓണറേറിയം – അധികം തുക അടവാക്കി |
| 1-54 | ജാഗ്രതാ സമിതി - സർക്കാർ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് ചെലവുകൾ. |
| 1-55 | എ ബി സി പ്രോഗ്രാം - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല |
| 1-56 | അവധി വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 1-57 | പി എം എ വൈ - ലൈഫ് മിഷൻ - അവലോകനം |
| 1-58 | സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ. |
| **ഭാഗം 2 – വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | ചാർജ് നടപടികളിലൂടെ ഈടാക്കേണ്ടുന്നതായ വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് |

| | |
|---|---|
| | നിരീക്ഷണങ്ങൾ |
| **ഭാഗം 3 – ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | മൂന്നാനിയിലെ നഗരസഭ വക വസ്തുവിലേക്കുള്ള വഴി -സ്ഥലമെടുപ്പ് – അധികച്ചെലവ് |
| 3-2 | ക്വോട്ട് ചെയ്ത നിരക്കിൽ ബിൽ തയ്യാറാക്കിയില്ല - അധികം തുക കരാറുകാരന് നൽകി |
| 3-3 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം – പിഴ ഈടാക്കിയില്ല |
| **ഭാഗം 4 - പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-5 | വായ്പാ/വായ്പാ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 24.02.2018 തീയതിയിലെ I/1 നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 25.02.2019 തീയതിയിലെ I/1 നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | പരിഷ്കരിച്ച ബജറ്റ് | യഥാർത്ഥം |
|---|---|---|---|
| മുന്നിരിപ്പ് | 36562246 | 39800065 | 39764035.53 |
| വരവ് | 370747690 | 252549459 | 224493830 |
| ആകെ | 407309936 | 292349524 | 264257865.53 |
| ചെലവ് | 364770743 | 224094538 | 224990212 |
| നീക്കിയിരിപ്പ് | 42539193 | 68254986 | 39267653.53 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23481563 | 23481563 | 17996016 | 5485547 | 76 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2655000 | 2655000 | 1963500 | 691500 | 74 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 315000 | 315000 | 58600 | 256400 | 19 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് (ACR പ്രകാരം) | 0 | 26956000 | 26956000 | 26954826 | 1174 | 99.9 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4881000 | 4881000 | 4411138 | 469862 | 90 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 31826150 | 31826150 | 17576428 | 14249722 | 55 |
| വിവിധ ഗ്രാന്റുകൾ – (എൻ യു എൽ എം, പി എം എ വൈ മുതലായവ ഉൾപ്പെടെ) | 9898981 | 36198692 | 46097673 | 34983917 | 11113756 | |
| സ്വച്ഛ് ഭാരത് അഭിയാൻ | 1388051 | 5673340 | 7061391 | 2466719 | 4594672 | |
| വിവിധ ഗ്രാന്റുകൾ –(എൻ യു എൽ എം ) | 1805041 | 1409050 | 3214091 | 2654740 | 559351 | |
| ഗ്രാന്റുകൾ –പി എം എ വൈ | 0 | 25127294 | 25127294 | 18702849 | 6424445 | |
| എ.യു.ഇ.ജി.എസ് (ക്യാഷ് ബുക്ക് പ്രകാരമുള്ളത്) – തൊഴിലാളികളുടെ കൂലി | | | | 2181359 | | |
| എ.യു.ഇ.ജി.എസ് (ക്യാഷ് ബുക്ക് പ്രകാരമുള്ളത്) – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3568880 | 3999364 | 7568244 | 530705 | 4856180 | |
| എസ് ബി ടി ലൈബ്രറി സെസ്സ് | 1071064 | 2188394 | 3259458 | 1417262 | 1842196 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 25640752* | 25640752 | | | |
| തനത് ഫണ്ട് | 39764035.53 | 55753518 | 95517553.53 | 34849044 | 60668509.53 | |

* ജനറൽ പർപ്പസ് ഗ്രാന്റ് എസി ആർ സാംഖ്യയിൽ നിന്നും ലഭ്യമാക്കിയില്ല. നഗരസഭയിൽ സൂക്ഷിച്ചുവരുന്ന എ.സി.ആറിലും ചെലവ് വിശദാംശങ്ങളൊന്നും ചേർക്കാത്തതിനാൽ ചെലവ് വിവരങ്ങൾ ഖണ്ഡികയിൽ ഉൾപ്പെടുത്താൻ കഴിയുന്നില്ല.

**ബി) <u>ക്ഷേമപദ്ധതികൾ</u>**

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വാർഷിക കണക്ക് പ്രകാരമുള്ള തുകയും പെൻഷൻ സെക്ഷനിൽ നിന്നും ലഭ്യമായ തുകയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. അപാകത വാർഷിക കണക്കുകളുടെ അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ സെക്ഷനിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40440 | 20 |
| കർഷകതൊഴിലാളി പെൻഷൻ | 1510200 | 113 |
| വിധവാപെൻഷൻ | 6619000 | 507 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 18564700 | 1419 |
| വികലാംഗപെൻഷൻ | 2104800 | 158 |
| 50 വയസിന് മുകളിലുള്ള അവിവാഹതർക്ക് പെൻഷൻ | 544100 | 43 |

## 1-3 വാർഷികപദ്ധതി അവലോകനം

പാലാ നഗരസഭയുടെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 11.02.2019ലെ 490/2018/ DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു. 2018-19 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 31.01.2018ൽ യോഗം ചേർന്നു. പദ്ധതിരൂപീകരണ വാർഡ് സഭകൾ 05.02.18 മുതൽ 14.02.18 വരെയുള്ള ദിവസങ്ങളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ചചെയ്തു. വികസനസെമിനാർ 15.02.2018ൽ ചേർന്നു. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വാർഡ് സഭകൾ 12.05.2018 മുതൽ 20.05.2018 വരെ നടന്നു. ഊരുകൂട്ട യോഗം 17.09.2018ലും ഭിന്നശേഷിക്കാരുടെ ഗ്രാമസഭ 7.2.18ലുംചേർന്നിട്ടുണ്ട്.

പദ്ധതി ആസൂത്രണപ്രക്രിയ ആരംഭിക്കുന്നതിനു മുന്നോടിയായി 13 വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിച്ചിട്ടുള്ളതായി കൗൺസിൽ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ദേശസ്വയംഭരണസ്ഥാപനത്തിന്റെ ദീർഘകാലവികസന പരിപ്രേക്ഷ്യം മുൻനിർത്തി സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരമുള്ള ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിറവേറ്റിയിട്ടില്ല. അതതു വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക, അവസ്ഥാരേഖ പരിഷ്കരിക്കുക, അവസ്ഥാരേഖയെ അടിസ്ഥാനമാക്കി പ്രോജക്ടുകൾ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക തുടങ്ങിയുള്ള ചുമതലകൾ യഥാവിധി നിർവ്വഹിച്ചിട്ടില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. മേല്പറഞ്ഞ പ്രവർത്തനങ്ങൾക്കായി വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേരേണ്ടതാണെങ്കിലും 2018-19 വാർഷികപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 30.1.18തീയതിയിൽ ഒറ്റ യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. മുൻവർഷങ്ങളുടെ ആവർത്തനമായി ചില പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിനനുബന്ധമായി രൂപീകൃതമായ വാർഷികപദ്ധതിയിലും പതിവുപ്രോജക്ടുകൾ മാത്രമാണ് ഉണ്ടായിരുന്നത്.

പദ്ധതി രൂപീകരണത്തിൽ ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും സജീവപങ്കാളിത്തം ഇല്ലാതിരുന്നതിനാൽ ലഭ്യമായ വിഭവസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി കുറ്റമറ്റ രീതിയിൽ പ്രോജക്ടുകൾ രൂപീകരിക്കാനും നടപ്പാക്കാനും സാധിച്ചിട്ടില്ല.

അംഗീകാരം ലഭിച്ച പദ്ധതികളുടെയും വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച് പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 270 | 11,32,18,847 | 161 | 6,90,10,945 | --- | 109 | 60% |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് |
|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 6 | 5 | 12,33,000 | 300260 |
| 2 | വെറ്ററിനറി സർജൻ | 3 | 3 | 1114000 | 376500 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 3 | മെഡി.ഓഫീസർ(ഗവ.ഹോസ്പിറ്റൽ) | 7 | 6 | 38,57,000 | 32,79,787 |
| 4 | മെഡി.ഓഫീസർ (ആയുർവേദം) | 1 | 1 | 700,000 | 7,00,000 |
| 5 | മെഡി.ഓഫീസർ (ഹോമിയോ) | 1 | 1 | 4,50,000 | 4,50,000 |
| 6 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 0 | 1,00,000 | 0 |
| 7 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 5 | 4 | 39,18,500 | .35,43,500 |
| 8 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 5,00,000 | 0 |
| 9 | സെക്രട്ടറി | 11 | 11 | 34,38,997 | 31,67,857 |
| 10 | അസി.എഞ്ചിനീയർ | 192 | 104 | 6,81,87,677 | 3,76,92,774 |
| 11 | മുനിസിപ്പൽ എഞ്ചിനിയർ | 18 | 15 | 1,47,15,265 | 87,30,667 |
| 12 | ഹെൽത്ത് ഓഫീസർ | 22 | 11 | 1,50,04,408 | 1,07,69,600 |
| | ആകെ | 270 | 161 | 11,32,18,847 | 6,90,10,945 |

<u>പദ്ധതി നിർവ്വഹണം</u>

കാർഷികമേഖലയിൽ 24%ഉം മൃഗസംരക്ഷണമേഖലയിൽ 37%ഉം മാത്രമാണ് ചെലവഴിച്ചത്. വാർഷികപദ്ധതി നിർവ്വഹണത്തിൽ കൃഷിയ്ക്കും മൃഗസംരക്ഷണത്തിനും മതിയായ പ്രാധാന്യം നൽകാൻ സാധിക്കാതെ വന്നത് പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച വീഴ്ചയാണ്.

തുടർച്ചയായ വർഷങ്ങളിൽ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്നുണ്ടെങ്കിലും ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന് സ്ഥിരം സംവിധാനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം മൂലം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് സാധിക്കുന്നില്ല. പല പ്രോജക്ടുകളുടെയും നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങളും സബ്സിഡി മാനദണ്ഡങ്ങളും പാലിക്കപ്പെട്ടിട്ടില്ല (ഓഡിറ്റ് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകൾ കാണുക).

<u>**പദ്ധതിനിർവ്വഹണത്തിൽ പാളിച്ചകൾ - 2 കോടിയോളം രൂപ ലാപ്സായി**</u>

വാർഷികപദ്ധതിയിൽ പ്രോജക്ടുകൾ ആവിഷ്ക്കരിച്ചതിലും നടപ്പാക്കിയതിലും സംഭവിച്ച വീഴ്ചകളും പൂർത്തീകരണത്തിൽ വന്ന കാലതാമസവും നിമിത്തം വിഭാവനം ചെയ്ത പല പ്രോജക്ടുകളും നടപ്പാക്കാൻ സാധിക്കാതെ വരികയും വികസനപ്രവർത്തനങ്ങൾക്കു ലഭിച്ച 2 കോടിയോളം രൂപ ലാപ്സാകുകയും ചെയ്തു. വികസനഫണ്ടിനത്തിൽ 64,33,447/- രൂപയും മെയിന്റനൻസ് ഗ്രാന്റിനത്തിൽ 4,71,036/- രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 1,42,49,722/- രൂപയും ഉൾപ്പടെ ആകെ 2,11,54,205/- രൂപ ലാപ്സായിട്ടുണ്ട്. ഇക്കാര്യത്തിലേയ്ക്ക് ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സത്വരശ്രദ്ധ ക്ഷണിക്കുന്നു. ഭാവിയിൽ ലഭ്യമാകുന്ന ഫണ്ട് പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>**യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 72 ലക്ഷത്തോളം രൂപയുടെ ബില്ലുകൾ "ക്യൂ "ലിസ്റ്റിൽ**</u>

പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിച്ച് ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കാതെ സാമ്പത്തികവർഷാവസാനം സമർപ്പിച്ചതിനാൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ 39 പ്രോജക്ടുകളിലായി ആകെ 71,96,993/- രൂപയുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽപെടുകയും തുക അടുത്ത സാമ്പത്തികവർഷത്തെ അലോട്ട്മെന്റിൽ നിന്ന് പണമാക്കേണ്ടിവരികയും ചെയ്തു. ആയതിനാൽ 2019-20 വർഷം വികസനപ്രവർത്തനങ്ങൾക്കു ലഭിച്ച 72 ലക്ഷത്തോളം രൂപയുടെ പ്രയോജനം നഷ്ടപ്പെട്ടു.

<u>**ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ – നാമമാത്ര നിർവ്വഹണോദ്യോഗസ്ഥൻ**</u>

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്ന് 1,00,000/- രൂപ വകയിരുത്തി വനിതാസ്വയം തൊഴിൽ സംരംഭങ്ങൾക്കായി പ്രോജക്ട് രൂപീകരിച്ചിരുന്നെങ്കിലും നടപ്പാക്കിയില്ല. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നഗരസഭയുടെ നിർവ്വഹണോദ്യോഗസ്ഥനായി തുടർച്ചയായ വർഷങ്ങളിൽ

പ്രോജക്ടുകൾ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്താറുണ്ടെങ്കിലും പദ്ധതി നടപ്പാക്കാറില്ല. ഇക്കാര്യത്തിൽ ഭരണതലത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ടി എസ് പി ഫണ്ട് ചെലവഴിക്കുന്നതിന് പരിമിതികൾ</u>

വാർഷികപദ്ധതിയ്ക്ക് ടി എസ് പി വിഭാഗത്തിൽ 3,15,000/- രൂപ അനുവദിച്ചിരുന്നെങ്കിലും തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചില്ല. നഗരസഭാപരിധിയിൽ താമസിക്കുന്ന പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 6 കുടുംബങ്ങളിൽ അഞ്ചിനും സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവരാണ്. ആയതിനാൽ മേൽ കുടുംബങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പദ്ധതി തയ്യാറാക്കി വാർഷികപദ്ധതി വിഹിതം യഥാസമയം വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ പാഴായിപ്പോകുന്ന അവസ്ഥ സംജാതമാകുന്നു. ഇക്കാര്യത്തിൽ പട്ടികവർഗ്ഗവകുപ്പുമായി ബന്ധപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-4 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്ഥാപനത്തിന്റെ 2018-19 വാർഷികകണക്കുകൾ യഥാർത്ഥ സാമ്പത്തികനില പ്രതിഫലിപ്പിക്കുന്നില്ല. വിവിധ സെക്ഷനുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയും മേൽനോട്ടസംവിധാനത്തിലെ പോരായ്മകളും നിമിത്തം കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. വാഹനങ്ങൾ, കംഫർട്ട് സ്റ്റേഷനുകൾ തുടങ്ങി നഗരസഭയുടെ ആസ്തി സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകാൻ സാധിക്കുന്നില്ല. വാഹനപരിപാലനം സംബന്ധിച്ച് സെക്രട്ടറിയുടെ മേൽനോട്ടത്തിന്റെ അഭാവം കാണുന്നുണ്ട്. നഗരസഭയിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ടെങ്കിലും വൗച്ചറുകളുടെയും ഫയലുകളുടെ സൂക്ഷിപ്പിലും മറ്റും തികഞ്ഞ അലംഭാവം ഉണ്ടായിട്ടുണ്ട്. വൗച്ചറുകളോടൊപ്പം ആവശ്യമായ അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ മേൽ ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും സജീവമായ ഇടപെടൽ ഉണ്ടായിട്ടില്ല. ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് കാരണമായ വിവിധ വിഷയങ്ങളിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2020ന് കാഷ്യറുടേയും അക്കൗണ്ടന്റിന്റെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66,161/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2007 | 2006-07 | എഫ്-3517(8)/08 തീയതി 17.10.2008 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.07.18 മുതൽ 27.07.18 വരെ | 2016-17 മുതൽ 2017-18 വരെ | എൽ ബി എ(എച്ച്.ക്യൂ) II/I/8A-77/2018-19/150 തീയതി 27.08.2018 |

# 1-7 വാർഷിക കണക്കുകളിലെ അപാകതകൾ

1. RP-40b ഷെഡ്യൂളിലെ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും ബാങ്ക്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല (ഭീമമായ തുകകൾ നഗരസഭയ്ക്ക് ലഭിച്ചതായും, നഗരസഭ വിതരണം ചെയ്തതായും രേഖപ്പെടുത്തലുകൾ വരുത്തിയാണ് പൊരുത്തപ്പെടുത്തൽ പത്രികകൾ തയ്യാറാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ പ്രത്യേക ഖണ്ഡികയായി ചേർത്തിട്ടുണ്ട്).

2. 2015 മുതൽ നഗരസഭയ്ക്ക് ലഭിച്ച് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്കുകൾ എന്ന ബാധ്യത കണക്കിൽ ചേർത്തിട്ടില്ല.

3. നികുതി/നികുതിയേതര വരവിനങ്ങളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ പ്രസ്തുത ഇനങ്ങളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. വാടക ഇനത്തിൽ രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി. പത്രിക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

5. സെക്വേഡ് ലോൺ, അൺസെക്വേഡ് ലോൺ ഇനത്തിൽ തുകകൾ ബാധ്യത ഉണ്ടെങ്കിലും ബി16 ഷെഡ്യൂൾ തയ്യാറാക്കി വാർഷികണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്).

6. ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട വാർഷികകണക്കിലെ തുകകളുടെ കൃത്യത വ്യക്തമല്ല. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാൻ കഴിയുന്നില്ല.

7. 31-3-2017ലെ തുകയാണ് ബി13 ഷെഡ്യൂളിൽ ബാലൻസ് തുകയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പലിശ ഉൾപ്പെടുത്തിയുള്ള തുക ചേർത്ത് വാർഷികകണക്ക് കാലികമാക്കിയിട്ടില്ല.

8. മുനിസിപ്പൽ എഞ്ചിനീയർ നല്കിയിട്ടുള്ള പാർട്ട്ബിൽ തുകകൾ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. 26-2-11ലെ ജി.ഒ.(എം.എസ്)152/11/തസ്വഭവ ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിംഗും പൂർത്തിയാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10. ബി-6 ഷെഡ്യൂളിലെ അൺസെക്യൂർഡ് ലോൺ ഇനത്തിലുള്ള 3,83,000/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

11. പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിക്കുന്ന ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എസിആർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി4 ഷെഡ്യൂളിൽ ബാദ്ധ്യതയായി അവശേഷിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. മുൻവർഷങ്ങളിൽ പ്രത്യേകാവശ്യത്തിനായി ലഭിച്ച അങ്കണവാടി പോഷകാഹാരം, അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി, ശുചിത്വമിഷൻ പദ്ധതികൾക്കായുള്ള തുകകൾ നിലനിൽക്കുന്നു. പ്രളയ ദുരിതാശ്വാസ നിധിയിലടവാക്കാനായി 2,72,558/- രൂപ (employees contribution) അവശേഷിക്കുന്നതായി B4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

12. 2018-19 വർഷം മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവഹണോദ്യോഗസ്ഥരായി യഥാക്രമം 10 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിലും (202/19 പൂതക്കുന്ന് കുടിവെള്ള പദ്ധതി), 4 ലക്ഷം രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലും (181/19 -കിഴതടിയൂർ ചെറുകിട ജലവിതരണപദ്ധതി), 1262590/- രൂപ പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സെക്ഷനിലും (174/19 മുൻസിപ്പൽ ടൗൺ ഹാൾ എസി ആക്കൽ രണ്ടാം ഘട്ടം) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തൻവർഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ പ്രസ്തുത തുകകൾ B-18 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിലും വിശദാംശങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല.

13. ഷെഡ്യൂൾ B-17 2018-19 നീക്കിയിരിപ്പിൽ ഇടപാടുകളില്ലാത്ത നാല് ടി.പി.എ അക്കൗണ്ടുകളും (പെൻഷൻ-റഗുലർ , കണ്ടിജന്റ് , പ്രോവിഡന്റ് ഫണ്ട് , ടി.പി.എ-582 )എസ് ബി ഐ (ഐഡിഎസ്എംറ്റി ) അക്കൗണ്ട് മുതലായവ അവശേഷിക്കുന്നതായി കാണുന്നു. ഇടപാടുകളില്ലാത്ത എല്ലാ ബാങ്ക് അക്കൗണ്ടുകളും കണ്ടെത്തി ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്

14. 2018-19 വാർഷിക കണക്കുകളിലെ വിവിധ ഫണ്ടിനങ്ങളുടെ ചെലവ് കണക്കുകളും, സുലേഖ ചെലവ് പത്രികയിലെ തുകകളും തമ്മിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | വാർഷിക കണക്ക് പ്രകാരം തുക | സുലേഖ ചെലവ് പത്രിക പ്രകാരം തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 18563488 | 18046453 |
| വികസന ഫണ്ട് - എസ് സി പി | 2263500 | 1963500 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 28042886 | 26954826 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 4526449 | 4411138 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 18886495 | 17576428 |

15. ഷെഡ്യൂൾ ബി-21 ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിരിക്കുന്നത് സാംഖ്യ ആരംഭിച്ചതു മുതലുള്ള കണക്കാണ്. ആയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.
16. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവുചെലവുകൾ യഥാവിധി അക്കൗണ്ട് ചെയ്യുന്നില്ല.

അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 അക്കൗണ്ടുകളുടെ പാസ്സ് ബുക്ക് / ബാങ്ക് ബുക്ക് പൊരുത്തപ്പെടുത്തൽ - അപാകതകൾ

1. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സാംഖ്യയിൽ തയ്യാറാക്കിയിട്ടില്ല. മാനുവൽ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റാണ് പകരം തയ്യാറാക്കിയിട്ടുള്ളത്.
2. എസ് ബി ടി തനത്ഫണ്ട് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ' cheque deposited but not collected ‘എന്ന ശീർഷകത്തിൽ കാണിച്ചിരിക്കുന്ന 1379681/- രൂപയുള്ള ചെക്കുകൾ അക്കൗണ്ടിൽ വരവ് വന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.
3. റ്റി.എസ്.ബി (തനത് ഫണ്ട്) അക്കൗണ്ടിൽ 'cheque issued but not presented into bank’എന്ന ശീർഷകത്തിൽ ഉൾപ്പെട്ട ഒരുവർഷത്തിന് മേൽ പഴക്കമുള്ള ചെക്കുകൾ 31/03/19ലും പണമാക്കിമാറ്റാത്ത സാഹചര്യം നിലനിൽക്കുന്നു

| വൗച്ചർ നം/തീയതി | ചെക്ക്നം/തീയതി | ഇനം | തുക |
|---|---|---|---|
| 21700687/14-09-17 | 3956885/14-07-2017 | റിട്ടെൻഷൻ തുക | 40491 |
| 21701050/04-01-18 | 3956899/14-12-17 | ഡിഎ അരിയർ | 10442 |
| 21701051/04-01-18 | 3956899/14-12-17 | ഡിഎ അരിയർ | 74827 |
| 21701048/04-01-18 | 3956899/14-12-17 | ഡിഎ അരിയർ | 152915 |
| 21701049/04-01-18 | 3956899/14-12-17 | ഡിഎ അരിയർ | 212997 |
| 21701465/31-03-18 | 4402035/16-03-18 | ഡിസിആർജി (കെ എൻ ശശി) | 51600 |

കൂടാതെ ഈ അക്കൗണ്ടിന്റെ ‘directly credited by bank’ എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 6,51,103/- രൂപ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായില്ല.

4. ചുവടെ ചേർക്കുന്ന അക്കൗണ്ടുകളിൽ directly debited by bank എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ വിവരം ലഭ്യമായില്ല.

| ബാങ്ക്/അക്കൗണ്ട് | തുക |
|---|---|
| എസ് ബി ഐ പാലാ , ലൈബ്രറി സെസ്(67314843109) | 837313.50 |
| എസ് ബി ഐ പാലാ , ഓൺലൈൻ അക്കൗണ്ട് (67308514364) | 373784 |
| ബാങ്ക് ഓഫ് ബറോഡ, AUEGS (33020100000637) | 689328 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/17-01-2020) മറുപടി ലഭ്യമായില്ല. ബാങ്ക്/പാസ്ബുക്ക് പൊരുത്തപ്പെടുത്തൽ കൃത്യമല്ലാത്തതിനാൽ നഗരസഭയുടെ അക്കൗണ്ടിംഗ് കൃത്യത പുലർത്തുന്നില്ലെന്ന് വ്യക്തമാകുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-9 ലൈബ്രറി സെസ്സ്, ശുചിത്വ മിഷൻ ഫണ്ട് നീക്കിയിരിപ്പ് തുകകൾ യഥാർത്ഥ കണക്കുമായി പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് - നീക്കിയിരിപ്പ്

വാർഷിക കണക്കുകൾ B-9 ഷെഡ്യൂൾ പ്രകാരം 18,33,954/- രൂപയാണ് 2018-19 ലൈബ്രറി സെസ്സ് നീക്കിയിരിപ്പ്. എന്നാൽ ലൈബ്രറി സെസ്സ് തുക നിക്ഷേപിക്കാൻ നഗരസഭയിൽ നിലവിലുള്ള എസ് ബി ഐ പാലാ (67314843109) അക്കൗണ്ട് പ്രകാരം 17,54,109.5 രൂപയാണ് നീക്കിയിരിപ്പ്. നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്ന ലൈബ്രറി സെസ്സ് രജിസ്റ്റർ പ്രകാരം 11,24,636/- രൂപയാണ് 2018-19 വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ അടവാക്കിയത്. രജിസ്റ്ററിൽ നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം അടയ്ക്കാനുള്ള ലൈബ്രറി സെസ്സ് വിവരം കൃത്യമായി ലഭിക്കുമെന്നുള്ളപ്പോൾ, ആയതിന് പ്രത്യേക അക്കൗണ്ട് നിലനിർത്തുന്നത് അനുവദനീയമല്ല.

ശുചിത്വ മിഷൻ ഫണ്ട് - സ്ഥിര നിക്ഷേപം – വിശദാംശങ്ങൾ ലഭ്യമല്ല

ശുചിത്വ മിഷനിൽ നിന്നും ലഭ്യമായ 14997543/- രൂപ 16/05/15 ൽ എസ് ബി ഐ പാലാ (a/c no - 32842590800)യിൽ നിക്ഷേപിച്ചു. പലിശയും പ്രസ്തുത അക്കൗണ്ടിൽത്തന്നെ നിക്ഷേപിച്ചു വരികയാണ് ചെയ്യുന്നത്. എന്നാൽ 03/12/17ലെ നീക്കിയിരിപ്പായ 16530138/- രൂപയാണ് 2018-19 ലും നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്. കൂടാതെ 16/05/15, 10/05/16 തീയതികളിൽ യഥാക്രമം 25206/-, 10976/- രൂപ അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ പിൻവലിയ്ക്കാനുണ്ടായ കാരണവും മേൽ അപാകതകൾക്കുള്ള വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/21-01-20) മറുപടി ലഭ്യമായില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മാലിന്യസംസ്കരണത്തിന് ലഭിച്ച സംസ്ഥാന സർക്കാർ വിഹിതം തനത് നിക്ഷേപമായി സൂക്ഷിക്കുന്നത് അനുവദനീയമല്ല. ലഭ്യമായ ആവശ്യത്തിന് തുക ചെലവഴിക്കാൻ കഴിയുകയില്ലെങ്കിൽ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

# 1-10 ദേശീയ ചേരി നിർമ്മാർജ്ജനം -സർക്കാർ വായ്പ തിരിച്ചടവ് സംബന്ധിച്ച്

സർക്കാരിന്റെ 23-03-2001ലെ എ1-8326/99 നം ഉത്തരവ് പ്രകാരം ദേശീയ ചേരി വികസന പദ്ധതിയിൽപ്പെടുത്തി പാലാ നഗരസഭയ്ക്ക് 383000/- രൂപ വായ്പ അനുവദിച്ചിരുന്നു. ടി തുക പൂർണ്ണമായും കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെട്ടവരും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതുമായ കുടുംബങ്ങളുടെ ഭവനനിർമ്മാണത്തിന് സബ്സിഡി നൽകുന്നതിനും, കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുമായി വിനിയോഗിച്ചു. പ്രസ്തുത ലോണിന്റെ റിക്കവറിയുടെ ഡിമാൻഡ് നോട്ടീസിൽ (അക്കൗണ്ട് ജനറൽ (A&E Kerala, 25-02-10ലെ LA1/11/09-10/65) മുതലും പലിശയുമുൾപ്പെടെ ആകെ 651866/- രൂപ അടവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. നഗരസഭയുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ 2010-11 പ്ലാൻഫണ്ടിൽ നിന്നും വായ്പാ തുക അടവാക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് 03/06/10 (എ1-232/86/03-06-2010)ൽ നഗരസഭാ കൗൺസിലിന്റെ തീരുമാനത്തിന്റെ ( 13/05/2010 ലെ 12-ാം നമ്പർ തീരുമാനം) അടിസ്ഥാനത്തിൽ സർക്കാരിനോട് അപേക്ഷിച്ചിരുന്നു. തുടർന്ന് 09-09-2010ൽ ഓർമ്മക്കുറിപ്പും അയച്ചിട്ടുണ്ട്. എന്നാൽ സർക്കാരിൽ നിന്ന് മറുപടി ലഭ്യമായതിന്റെ വിവരങ്ങളൊന്നും ഫയലിൽ ചേർത്തിട്ടില്ല. 2018-19 വാർഷികകണക്കുകളിൽ (ഷെഡ്യൂൾ - B -6 )

3,83,000/- രൂപ വായ്പയിനത്തിൽ അവശേഷിക്കുന്നുണ്ട്. വായ്പാ തുക തിരിച്ചടയ്ക്കാത്തതുമൂലം പലിശ, പിഴപലിശ എന്നിവ വർദ്ധിച്ച് നഗരസഭയ്ക്ക് ബാധ്യതയുണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-11 രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

24.05.2017-ലെ സ.ഉ(സാധാ)നം.1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ-ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്)നം.150/2009/തസ്വഭവ തീയതി 1-8-2009 പ്രകാരവും 2011 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രസീതുകളിലൂടെയും സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രസീതുകൾ, സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രസീതുകളുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ക്യാൻസൽ ചെയ്ത മാനുവൽ രസീതുകളിൽ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | രസീത് നം. | ക്രമ നം. | രസീത് നം. |
|---|---|---|---|
| 1 | 29294/293 | 16 | 29957/300 |
| 2 | 29275/293 | 17 | 30191/302 |
| 3 | 29274/293 | 18 | 30175/302 |
| 4 | 29680/297 | 19 | 30165/302 |
| 5 | 29673/297 | 20 | 25777/258 |
| 6 | 31244/313 | 21 | 25767/258 |
| 7 | 31245/313 | 22 | 22395/224 |
| 8 | 28823/289 | 23 | 22378/224 |
| 9 | 28808/289 | 24 | 22189/222 |
| 10 | 31001/311 | 25 | 25187/252 |
| 11 | 28906/290 | 26 | 251411/252 |
| 12 | 28800/288 | 27 | 24710/248 |
| 13 | 30912/310 | 28 | 24088/241 |
| 14 | 30654/307 | 29 | 23483/235 |
| 15 | 30297/303 | 30 | 26916/270 |

ബി) താഴെ പറയുന്ന മാന്വൽ രസീത് ബുക്കുകളിൽ ഉപയോഗിക്കാത്ത രസീതുകൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും ക്യാൻസൽ ചെയ്തിട്ടില്ല

| ബുക്ക് നം. | രസീത് നം. |
|---|---|
| 269 | 26873-26900 |
| 318 | 31715-31800 |
| 313 | 31283-31300 |
| 316 | 31536-31600 |
| 310 | 30928-31000 |

| | |
|---|---|
| 309 | 30855-30900 |
| 307 | 30680-30700 |
| 315 | 31490-31500 |
| 250 | 24924-25000 |
| 317 | 31663-31700 |

മേൽ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/23.01.2020) മറുപടി നൽകിയിട്ടില്ല. ക്യാൻസൽ ചെയ്ത മാനുവൽ രസീതുകളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും സാമ്പത്തിക വർഷം അവസാനിച്ചിട്ടും ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതുമാണ്.

സി) 2018-19 വർഷം ഇഷ്യൂ ചെയ്ത 319, 320, 321, 322 നം. രസീത് ബുക്കുകൾ ഒരു രസീത് പോലും ഉപയോഗിക്കാതെ ഓരോ ബുക്കിലേയും 100 രസീതുകളും ക്യാൻസൽ ചെയ്തിരിക്കുന്നു. ഒരു സാമ്പത്തിക വർഷം ഇഷ്യൂ ചെയ്ത രസീത് ബുക്കുകൾ ഉപയോഗിച്ചിട്ടില്ലായെങ്കിൽ അവ തിരികെ ഏൽപ്പിക്കാവുന്നതും അടുത്ത സാമ്പത്തിക വർഷം അവ വീണ്ടും ഇഷ്യൂ ചെയ്യാവുന്നതുമാണ്.

രസീതുകളുടെ സൂക്ഷിപ്പിലെ അപാകതകൾ അവയുടെ ദുരുപയോഗത്തിന് കാരണമാകുമെന്നിരിക്കെ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രസീതു നൽകുമ്പോഴും സാംഖ്യ സ്റ്റേഷനറികളുടെയും കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-12 തെറ്റായ ശീർഷകങ്ങളിൽ വരവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നു.

നഗരസഭയുടെ 2018-19 ധനകാര്യപത്രിക പ്രകാരം Rent receivable from Guest Houses എന്നയിനത്തിൽ 4735/- രൂപ വരവുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വാടകയിനത്തിൽ വരവായ തുക തെറ്റായി അക്കൗണ്ട് ചെയ്തതാണെന്ന് മറുപടി നൽകി. കൂടാതെ ടോൾ ചാർജിനത്തിൽ 159,084/- രൂപയും വരവുള്ളതായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ വരവിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഫയൽ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി - 60) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വരവുകൾ തെറ്റായ ശീർഷകങ്ങളിൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നത് നഗരസഭയുടെ ധനസ്ഥിതിയുടെ വ്യക്തതയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 വസ്തുനികുതി -വൻ കുടിശ്ശിക നില്ക്കുന്നു.

വസ്തുനികുതിയിനത്തിൽ 31.03.2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം നഗരസഭയ്ക്ക് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക |
|---|---|---|
| 431100100 | വസ്തു നികുതി (കറണ്ട്) | 3133088.00 |
| 431100200 | വസ്തു നികുതി (അരിയർ) | 1557226.00 |
| ആകെ | | 4690314.00 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതിയുടെ ഡാറ്റാപ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. ആയത് പൂർത്തകരിച്ചെങ്കിൽ മാത്രമേ യഥാർത്ഥ നികുതി കുടിശിക വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്ത് നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-14 ഒഴിവാക്കിയ വസ്തു നികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 235 വകുപ്പ് എ മുതൽ ജെ വരെയുള്ള ഉപയോഗക്രമത്തിൽ പറഞ്ഞിട്ടുള്ള കെട്ടിടങ്ങളെയും ഭൂമികളെയും 233-ാം വകുപ്പ് പ്രകാരം ചുമത്താവുന്ന വസ്തു നികുതിയിൽ നിന്നും 230-ാം

വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. എന്നാൽ പാലാ മുനിസിപ്പാലിറ്റി പരിധിയിലുള്ള, 235-ാം വകുപ്പ് പ്രകാരമുള്ള ഉപയോഗക്രമമല്ലാത്ത താഴെപ്പറയുന്ന കെട്ടിടത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | XX/2340 | പ്രോസിക്യൂട്ടർ ഡയസ്സ് ഓഫ് പാലാ | 60 ച. മീ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/20.01.2020) മേൽ കെട്ടിടത്തിൽ ടെയ്‌ലറിംഗ് ക്ലാസ് പ്രവർത്തിക്കുന്നതിനാലാണ് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് എന്ന് മറുപടി നൽകിയിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 235 വകുപ്പ് ബി എന്ന ഉപയോഗക്രമത്തിൽ സർക്കാർ വകയോ എയ്ഡഡോ, സർക്കാരിൻെറ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളെ മാത്രമേ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ. മേൽ സ്ഥാപനം സർക്കാർ സ്ഥാപനമോ എയ്ഡഡ് സ്ഥാപനമോ അല്ലാത്തതിനാൽ മേൽ കെട്ടിടത്തിൻെറ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 അനധികൃത കെട്ടിടങ്ങൾ- വസ്തു നികുതി ഈടാക്കുന്നില്ല. - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ ആയതിനെതിരെ സ്വീകരിക്കേണ്ട തുടർനടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന നികുതിയും അതിൻെറ രണ്ടരിട്ടിയും ചേർന്ന തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന യു എ എന്നും അനധികൃത നിർമ്മാണത്തിൻെറ വർഷം ഏതെന്നും കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രേഖപ്പെടുത്തി നൽകേണ്ടതാണ്. ഇത് പ്രകാരം അനധികൃത കെട്ടിടമായി നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ കുടിശ്ശിക കാണുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പ്ര | വിസ്തീർണ്ണം (m2) | ഉപയോഗക്രമം | കുടിശ്ശിക വർഷം | കുടിശ്ശിക തുക |
|---|---|---|---|---|---|---|
| 1 | പി ജെ ജോസഫ് | I/ UA 118(2013) | 10.5 | വാണിജ്യാവശ്യം | 2013-14 മുതൽ 2018-19 വരെ | 12024 |
| 2 | ബെന്നി സേവ്യർ | I/ UA 119(2013) | 10.5 | വാണിജ്യാവശ്യം | 2013-14 മുതൽ 2018-19 വരെ | 9828 |
| 3 | പെണ്ണമ്മ ചെറിയാൻ | IX/ UA 12/2(2016) | 153.72 | വാണിജ്യാവശ്യം | 2016-17 മുതൽ 2018-19 വരെ | 84317 |
| 4 | പെണ്ണമ്മ ചെറിയാൻ | IX/ UA 12/4(2015) | 28 | വാണിജ്യാവശ്യം | 2015-16 മുതൽ 2018-19 വരെ | 21168 |
| 5 | ഷാജി തോമസ് | XII/ UA 407/1(2014) | 21.45 | വാണിജ്യാവശ്യം | 2015-16 മുതൽ 2018-19 വരെ | 12266 |
| 6 | അഡ്വ. പി | XIII/ UA | 15 | ഓഫീസാവശ്യം | 2013-14 മുതൽ | 12760 |

| | | | | | | |
|---|---|---|---|---|---|---|
| | എസ് ബിന | 33(2013) | | | 2018-19 വരെ | |
| 7 | ഉണ്ണികൃഷ്ണൻ നായർ | XIII/ UA 110(2013) | 705.62 | വിദ്യാഭ്യാസാവശ്യം | - | - |
| 8 | കല്യാണി & രാജപ്പൻ | XIII/ UA 132(2013) | 43 | ഇതര വ്യവസായം | 2013-14 മുതൽ 2018-19 വരെ | 39012 |
| 9 | അന്നക്കുട്ടി തോമസ് | XIII/ UA 271(2013) | 101.4 | അസംബ്ലി ഹാളുകൾ, കൺവൻഷൻ സെൻററുകൾ | 2014-15 രണ്ടാം അർദ്ധ വർഷം മുതൽ 2018-19 വരെ | 57496 |
| 10 | അന്നക്കുട്ടി തോമസ് | XIII/ UA 272(2013) | 91.63 | അസംബ്ലി ഹാളുകൾ, കൺവൻഷൻ സെൻററുകൾ | 2014-15 രണ്ടാം അർദ്ധ വർഷം മുതൽ 2018-19 വരെ | 51966 |
| 11 | സിജു രാജ് | XIII/ UA 299/1(2014) | 68 | ഇതര വ്യവസായം | 2013-14 മുതൽ 2018-19 വരെ | 61692 |
| 12 | ജയകുമാർ | XIII/ UA 346(2013) | 295 | അസംബ്ലി ഹാളുകൾ, കൺവൻഷൻ സെൻററുകൾ | 2013-14 മുതൽ 2018-19 വരെ | 255546 |
| 13 | ഹാരിസ് വി ഹരിനാഥ് | XIII/ UA 351(2012) | 51 | ഓഫീസാവശ്യം | 2013-14 മുതൽ 2018-19 വരെ | 57270 |
| 14 | ഹാരിസ് വി ഹരിനാഥ് | XIII/ UA 352(2012) | 51 | ഓഫീസാവശ്യം | 2013-14 മുതൽ 2018-19 വരെ | 57270 |
| 15 | മുരിക്കുംപുഴ ദേവസ്വം | XIII/ UA 406(2013) | 375 | അസംബ്ലി ഹാളുകൾ, കൺവൻഷൻ സെൻററുകൾ | 2013-14 മുതൽ 2018-19 വരെ | 283500 |
| 16 | ലിസമ്മ മാത്യു | XVII/ UA 88/1(2016) | 17.96 | വാണിജ്യാവശ്യം | - | - |
| 17 | ജെസ്സി ടോം | XIX/ UA 110/1(2011) | 106 | അസംബ്ലി ഹാളുകൾ, കൺവൻഷൻ സെൻററുകൾ | 2013-14 മുതൽ 2018-19 വരെ | 53425 |
| 18 | ഐഡിയ സെല്ലുലാർ | XX/ UA 1097/2 (2009) | 11.25 | മൊബൈൽ ടവർ | 2013-14 മുതൽ 2018-19 വരെ | 127578 |
| 19 | ജോസ് വർഗ്ഗീസ് | XXIII/ UA 219(2010) | 929.63 | വിദ്യാഭ്യാസാവശ്യം | - | - |
| 20 | സെക്രട്ടറി, സിപിഐ (എം), പാലാ | XXIV/ UA 334/1(2010) | 500 | ഓഫീസാവശ്യം | 2013-14 മുതൽ 2018-19 വരെ | 734832 |

ഇപ്രകാരം വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതിനെക്കുറിച്ചും, ടി അനധികൃത നിർമ്മാണങ്ങളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികളെക്കുറിച്ചും ഓഡിറ്റ് അന്വേഷണക്കുറിപ്പ് (28/22.01.2020) നല്കിയതിന് മറുപടി ഹാജരാക്കിയിട്ടില്ല.

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതുവരെ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്

സെക്ഷൻ 242 പ്രകാരം വസ്തു നികുതി നൽകാൻ ഉടമസ്ഥൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ ഇപ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളും കാലാകാലം അനധികൃത കെട്ടിടമായി നിലനിർത്താതെ പരിശോധന നടത്തി നിയമപ്രകാരമുള്ള അനന്തര നടപടികൾ സ്വീകരിക്കേണ്ടതും വസ്തു നികുതി കുടിശ്ശികകൾ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-16 മൊബൈൽ ടവറുകളുടെ വസ്തു നികുതി - കുടിശ്ശിക നിലനിൽക്കുന്നു

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. പാലാ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥൻെറ പേര് | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക കാലയളവ് | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | VI/90 | വൊഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2018-19, II-ാം അർദ്ധവർഷം | 5379 |
| 2 | XI/675 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 2013-14 മുതൽ 2018-19 വരെ | 182700 |
| 3 | XVII/ 197 | ഭാരതി എയർടെൽ ലിമിറ്റഡ് | 2016-17 II-ാം അർദ്ധവർഷം മുതൽ 2018-19 വരെ | 18806 |
| 4 | XX/ 1097/1 | റിലയൻസ് ജിയോ ഇൻഫോ കോം ലിമിറ്റഡ് | 2016-17 II-ാം അർദ്ധവർഷം മുതൽ 2018-19 വരെ | 15171 |
| 5 | XX/ 1097/2 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 2013-14 മുതൽ 2018-19 വരെ | 127578 |
| 6 | XX/ 1924 | ഭാരതി എയർടെൽ ലിമിറ്റഡ് | 2017-18 മുതൽ 2018-19 വരെ | 50400 |
| 7 | XX/ 1953 | മുനിസിപ്പൽ കൗൺസിൽ | 2016-17 മുതൽ 2018-19 വരെ | 31500 |
| 8 | XXIII/ 152/1 | എ ടി സി ടെലികോം ഇൻഫ്രാസ്ട്രക്ചർ | 2013-14 മുതൽ 2018-19 വരെ | 51006 |
| 9 | XXIV/ 79 | ഭാരതി എയർടെൽ ലിമിറ്റഡ് | 2017-18 മുതൽ 2018-19 വരെ | 14648 |
| 10 | XXVI/ 104 | ഭാരതി എയർടെൽ ലിമിറ്റഡ് | 2017-18 II-ാം അർദ്ധവർഷം മുതൽ 2018-19 വരെ | 19012 |
| 11 | XXVI/ 160 | വൊഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2018-19 | 25998 |

മേൽ മൊബൈൽ ടവറുകളുടെ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/20.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മൊബൈൽ ടവറുകളുടെ കുടിശ്ശിക വസ്തു നികുതി ഈടാക്കി വരവ്

വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-17 തൊഴിൽനികുതി - ഈടാക്കുന്നതിലെ അപാകതകൾ.

1) തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2018-19 വർഷത്തെ ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരം തൊഴിൽനികുതി (എപ്ലോയീസ്) ഇനത്തിൽ 100% കളക്ഷൻ കാണിക്കുന്നുണ്ട്. പരിശോധനയ്ക്കായി ഹാജരാക്കിയ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്ന് (പ്രിന്റൗട്ടുകൾ) ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടവാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപറേഷൻ,പാല | 1 |
| 2 | മീനച്ചിൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1,2 |
| 3 | തോട്ടുങ്കൽ പെട്രോൾ പമ്പ് | 1,2 |
| 4 | ആലപ്പുഴ സർവ്വോദയ സംഘം | 1,2 |
| 5 | റിലയൻസ് ലൈഫ് ഇൻഷുറൻസ് കമ്പനി | 2 |
| 6 | പോപ്പുലർ വെഹിക്കിൾസ് & സർവ്വീസസ് | 1,2 |

നഗരസഭ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)തൊഴിൽനികുതി - രേഖപ്പെടുത്തലുകൾ ഇല്ല

നഗരസഭ തൊഴിൽ നികുതിക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.പരിശോധനയ്ക്കായി ലഭ്യമാക്കിയ പ്രിന്റൗട്ടുകളിൽ സ്ഥാപനത്തിന്റെ പൂർണ്ണമായ പേര്, ജീവനക്കാരുടെ വിവരങ്ങൾ, അടവാക്കിയ തുക തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. തൊഴിൽ നികുതി അടവാക്കിയതായി കാണുന്ന പല സ്ഥാപനങ്ങളുടേയും ഒടുക്കുവിവരങ്ങൾ ലഭ്യമാക്കിയ രജിസ്റ്ററിലില്ല. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-18 ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു.

കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റെടുക്കാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിൻെറ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവത്ക്കരിക്കാം. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി 11.11.2015 ൽ സംസ്ഥാന ഓഡിറ്റ് ഡയറക്ടർക്ക് 229813/ആർ.ഡി2/15 നമ്പരായി നൽകിയിട്ടുള്ള സ്പഷ്ടീകരണ കത്തിൽ ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, പാലാ നഗരസഭയിൽ പെർമിറ്റെടുക്കാതെ നിർമ്മിച്ച താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം. | അപേക്ഷകൻെറ പേര് | വാർഡ് | വിസ്തീർണ്ണം (m2) | ഉപയോഗ ക്രമം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | റാണി കുര്യാക്കോസ് | V | 44.34 | പാർപ്പിടാവശ്യം | 466 | 311 | 155 |
| 2 | അയ്യപ്പൻ എടേറ്റുകാവനാമറ്റം | III | 39.36 | പാർപ്പിടാവശ്യം | 413 | 276 | 137 |
| 3 | ജോർജ്ജ് തോമസ് മൂഴയിൽ | XXI | 262.76 | വാണിജ്യാവശ്യം | 7883 | 5256 | 2627 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | സെബാസ്റ്റ്യൻ മാത്യൂസ് ഈന്തുംപ്ലാക്കൽ | V | 215.93 | പാർപ്പിടാവശ്യം | 4535 | 3024 | 1511 |
| ~~5~~ | ~~അച്ചാമ്മ, പൂവേലിൽ~~ | ~~VI~~ | ~~156.54~~ | ~~പാർപ്പിടാവശ്യം~~ | ~~3287~~ | ~~2192~~ | ~~1095~~ |
| 6 | മോളി, തെക്കേൽ | XVI | 26 | പാർപ്പിടാവശ്യം | 546 | 364 | 182 |

ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (46/23.01.2020) 1-6 ക്രമ നം. വരെ സങ്കേതം സോഫ്റ്റ്‌വെയർ മുഖാന്തിരം അപേക്ഷ സമർപ്പിക്കുമ്പോൾ ഇരട്ടി ഫീസാണ് ഓട്ടോമാറ്റിക് ആയി പ്രോസസ്സ് ചെയ്യുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ട്. രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും കൂടി ഈടാക്കുന്നതിനുള്ള പ്രൊവിഷൻ സങ്കേതം സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിന് ഐ കെ എം-ന് നിർദ്ദേശം നൽകുന്നതിനായി ഭരണസമിതി തലത്തിൽ നിന്നും നടപടികൾ സ്വീകരിക്കേണ്ടതും രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും കൂടി ഈടാക്കേണ്ടതുമാണ്.

## 1-19 ലൈസൻസ് നൽകൽ - അപാകതകൾ

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ ലൈസൻസ് സമയബന്ധിതമായി പുതുക്കുന്നില്ലെന്ന് ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ | ലൈസൻസ് എടുത്ത തീയതി |
|---|---|---|---|
| 1 | അഞ്ജലി ഹോട്ടൽ | 23 | 19/12/2018 |
| 2 | ന്യൂട്ടി കിച്ചൺ | 23 | 25/09/2018 |
| 3 | ഹോട്ടൽ ദീപ്തി | 19 | 6/6/2018 |
| 4 | ഫ്രണ്ട്സ് ഹോട്ടൽ | 24 | 27/06/2018 |
| 5 | ഹോട്ടൽ ഐമി | 21 | 15/11/2018 |
| 6 | ഹോട്ടൽ രജനി | 10 | 7/2/2019 |

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ലഭ്യമാക്കാതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് ലഭ്യമാക്കിയ തീയതി |
|---|---|---|
| 1 | ഹോട്ടൽ ദീപ്തി | 6/6/2018 |
| 2 | കപ്പിലുമാക്കൽ ലോഡ്ജ് | 8/6/2018 |

30 ദിവസത്തിനുള്ളിൽ അനുമതി പത്രം ലഭ്യമാക്കാമെന്നുള്ള വ്യവസ്ഥയിന്മേലാണ് ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നത്. മേൽ സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ലഭ്യമായിട്ടുള്ളതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി -49) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭക്ഷണശാലകൾ പ്രവർത്തിക്കുന്നത് നിയമാനുസൃതമായ മാനദണ്ഡങ്ങൾ പാലിച്ചാണെന്ന് ഉറപ്പുവരുത്തുന്നതിനു സമയബന്ധിതമായി ലൈസൻസ് എടുക്കേണ്ടത് അനിവാര്യമാണ്. നഗരസഭാപരിധിയിലുള്ള എല്ലാ ഭക്ഷണശാലകളും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-20 എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മനുഷ്യൻെറ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ

അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. മുനിസിപ്പാലിറ്റിയിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും നഗരസഭയിൽ നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 2958 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 887 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 5 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 78 |
| സിനിമാ തിയേറ്റർ, കല്യാണ മണ്ഡപം, ഓഡിറ്റോറിയം, ലോഡ്ജ് | 249 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 16 |
| ഓഫീസ് ആവശ്യം | 487 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 22 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 55 |
| ആകെ എണ്ണം | 4757 |

സഞ്ചയയിലെ രേഖപ്പെടുത്തലുകൾ പ്രകാരം നഗരസഭാ പരിധിയിൽ 4,757 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 1886 ലൈസൻസുകൾ മാത്രമാണ് തൻവർഷം നഗരസഭ നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ നഗരസഭയുടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തതുമൂലം ചട്ടലംഘനവും ലൈസൻസ് ഫീസ് ഇനത്തിൽ നഗരസഭാഫണ്ടിന് കനത്ത നഷ്ടവും ഉണ്ടാകുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 60) മറുപടി ലഭ്യമാക്കിയില്ല. എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 വാടക – അപാകതകൾ

1) <u>ബൈലോ നിലവിലില്ല</u>

നഗരസഭയുടെ പ്രധാനവരുമാനമാർഗ്ഗങ്ങളിലൊന്ന് വാടകയാണ്. നഗരസഭയുടെ ഉടമസ്ഥതയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്റ്റാന്റുകൾ, ഓപ്പൺ സ്റ്റേജുകൾ, ഹാളുകൾ, സ്റ്റേഡിയം, ബങ്കുകൾ, കച്ചവടങ്ങൾക്കും സമ്മേളനങ്ങൾക്കും മറ്റുമായി വാടകയ്ക്ക് നൽകുന്ന ഭൂമി തുടങ്ങി നിരവധി ആസ്തികളുണ്ട്. വാടക പിരിവുമായി ബന്ധപ്പെട്ട് ബൈലോ നിലവിലുള്ളതായി കാണുന്നില്ല. നഗരസഭ 5 വർഷത്തേക്ക് വാടകയ്ക്കായി നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ മുതൽ ദൈനംദിനാടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുന്ന ഭൂമിയുൾപ്പെടെ വ്യത്യസ്തങ്ങളായ ആസ്തികൾ ഉള്ളതിനാൽ ബൈലോ തയ്യാറാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

2)<u>വാടക കുടിശ്ശിക</u>

നഗരസഭ ലഭ്യമാക്കിയ, വാടകയുമായി ബന്ധപ്പെട്ട 2018-19 ഡിസിബി പത്രികപ്രകാരം 16,62,705/- രൂപ കുടിശികയുള്ളതായി കാണുന്നു. മേൽതുക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിതനടപടികൾ സ്വീകരിക്കേണ്ടതാണ്.

3) നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ - മുറികൾ ഒഴിഞ്ഞ് കിടക്കുന്നു.

| ക്രമനമ്പർ | ഷോപ്പിംഗ് കോംപ്ലക്സ് | ആകെയുള്ള മുറികൾ | ഒഴിഞ്ഞ് കിടക്കുന്ന മുറികൾ |
|---|---|---|---|
| 1 | മുൻസിപ്പൽ കോംപ്ലക്സ് ബിൽഡിംഗ് | 115 | 2 |
| 2 | ന്യൂ കോംപ്ലക്സ് ബിൽഡിംഗ് | 48 | 0 |
| 3 | ടൗൺ ഹാൾ ബിൽഡിംഗ് | 19 | 0 |
| 4 | ടൗൺ ബസ്സ്റ്റാന്റ് ഗാരേജ് | 18 | 0 |
| 5 | കൊട്ടാരമറ്റം പഴയ കോംപ്ലക്സ് | 21 | 0 |
| 6 | വിശ്രാംസങ്കേത് | 11 | 0 |
| 7 | കൊട്ടാരമറ്റം ന്യൂകോംപ്ലക്സ് | 69 | 23 |
| 8 | തെക്കേക്കര കോംപ്ലക്സ് | 57 | 0 |
| 9 | മുൻസിപ്പൽ കൊമേഴ്സ്യൽ കോംപ്ലക്സ് ബിൽഡിംഗ് | 73 | 9 |
| | ആകെ | 431 | 34 |

നഗരസഭയുടെ ഉടമസ്ഥതയിൽ കൊട്ടാരമറ്റം ന്യൂ ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകൾനിലയിലെ അനവധി മുറികൾ ഒഴിഞ്ഞുകിടക്കുന്നതായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ വ്യക്തമായി. കൂടാതെ മുൻസിപ്പൽ കൊമേഴ്സ്യൽ കോംപ്ലക്സ് ബിൽഡിംഗിലെ മുറികളും ഒഴിഞ്ഞ് കിടക്കുന്നതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി - 6)ക്കുള്ള മറുപടിയിൽ ബിസ്സിനസ്സ് നഷ്ടത്തെത്തുടർന്ന് ലൈസൻസികൾ പിൻവാങ്ങിയതാണ് ഇതിനു കാരണമെന്ന് അറിയിച്ചിട്ടുണ്ട് .ഉയർന്ന തുക മുടക്കി നിർമ്മിച്ച കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതിരിക്കുന്നത് വലിയ വരുമാനനഷ്ടത്തിനിടയാക്കും. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും അടിയന്തിരമായി ഇടപെടേണ്ടതാണ്.

4) <u>സെക്യൂരിറ്റി ഡെപ്പോസിറ്റ് - വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല</u>

മുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാർ ലഭ്യമാക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് സംബന്ധിക്കുന്ന പൂർണ്ണമായ വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് തിരിച്ച് നൽകുന്നതിന്റ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. മുറിയുടെ ഉപയോഗക്രമം, വാടക, വാടകയ്ക്ക് നൽകിയിരിക്കുന്ന കാലാവധി, സെക്യൂരിറ്റി തുകയുടെ വിവരങ്ങൾ മുതലായ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

5) <u>വാടകയിൽ വാർഷിക വർദ്ധന വരുത്തുന്നില്ല – വരുമാനത്തെ ബാധിക്കുന്നു.</u>

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ വാർഷിക വാടക വർദ്ധന വരുത്തുന്നതായി കാണുന്നില്ല. അഞ്ച് വർഷത്തേക്കായി നൽകുന്ന വാടക എഗ്രിമെന്റ് പുതുക്കുമ്പോൾ മാത്രം 15% വർദ്ധന വരുത്തുന്നതായി കാണുന്നു. ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക നൽകിയ മറുപടിയിൽ ഇത്തരത്തിൽ മുൻ കൗൺസിൽ തീരുമാനമുള്ളതായി അറിയിച്ചു. സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകാ ബൈലോ പ്രകാരം പ്രതിവർഷ ലൈസൻസ് നൽകി വാർഷിക വർദ്ധനവിനൊപ്പം പുതുക്കി നൽകുന്ന രീതി പ്രാവർത്തികമാക്കുകയും ചെയ്യുന്നത് നഗരസഭയുടെ സാമ്പത്തിക താൽപ്പര്യം സംരക്ഷിക്കുന്നതിന് സഹായകമാകും.

6) <u>വാടകയ്ക്കായി നൽകിയിട്ടുള്ള മുറികൾ – പരിശോധന നടത്തേണ്ടതാണ്.</u>

നഗരസഭ വക മുൻസിപ്പൽ സ്റ്റേഡിയം കോംപ്ലക്സ്സിലെ എസ് 2, എസ് 7 മുറികളുടെ ലൈസൻസി ടി മുറികളുടെ ഇടഭിത്തി നീക്കം ചെയ്തതായി ഇതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയതായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കാണുന്നു. തുടർന്ന് നഗരസഭ ടി ലൈസൻസിയിൽ നിന്നും അധികവാടക ഈടാക്കിയിട്ടുണ്ട്. എന്നാൽ പൊതുവിടങ്ങൾ ആ രൂപത്തിൽ നിലനിർത്തുന്നതാണുചിതമെന്ന് 10.04.2018 ലെ കൗൺസിൽ തീരുമാനിക്കുകയും (രണ്ടാം നമ്പർ തീരുമാനം) അധികവാടക ഒഴിവാക്കാൻ തീരുമാനിച്ചതായും കാണുന്നു. ഈടാക്കിയ അധിക വാടക തിരിച്ച് നൽകുന്നതിനു തീരുമാനിച്ചിരുന്നെങ്കിലും ടി നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നിലവിൽ മേൽ മുറികൾ ഒഴിഞ്ഞ് കിടക്കുകയാണെന്ന് നഗരസഭ അറിയിച്ചു. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടകയ്ക്കായി നൽകിയിട്ടുള്ള മുറികൾ നഗരസഭ കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതും ക്രമപ്രകാരമല്ലാത്ത നടപടികൾ തടയേണ്ടതുമാണ്.

7)<u>അസോസ്സിയേഷൻ രൂപീകരണത്തിനായി ഫണ്ട് പിരിവ് - തുക നിഷ്ക്രിയം.</u>

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കൊട്ടാരമറ്റം തെക്കേക്കര കോംപ്ളക്സുകളിലെ വാടകക്കാരിൽ നിന്നും ടി വാടകക്കാരുടെ അസോസ്സിയേഷൻ രൂപീകരണത്തിന്റെ ഭാഗമായി വാടകയുടെ 20% അധികമായി പിരിച്ചെടുത്തിരുന്നതായി കാണുന്നു. അസോസ്സിയേഷൻ രൂപീകരിക്കുന്നതിനായി തീരുമാനമെടുത്ത കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 18) മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ മേൽ പിരിവ് നടത്തുന്നതായി കാണുന്നില്ല. അസോസിയേഷന്റെ രൂപീകരണം, പിരിച്ചെടുത്ത തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച് നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച കാര്യങ്ങളിൽ നഗരസഭ അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-22 ക്വാർട്ടേഴ്സ് വാടക - കൃത്യമായി അടവാക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുൻസിപ്പൽ ക്വാർട്ടേഴ്സിലെ X/338 നമ്പർ കെട്ടിടം മുൻസിപ്പൽ സെക്രട്ടറിക്കായി നീക്കിവച്ചിട്ടുള്ളതാണെന്ന് കാണുന്നു. ഇത് സംബന്ധിക്കുന്ന രജിസ്റ്റർ പരിശോധിച്ചതിൽ 2018 -19 വർഷത്തിൽ മേൽ കെട്ടിടം മുൻസിപ്പൽ സെക്രട്ടറിയുടെ ഉപയോഗത്തിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ പേര് വിവരങ്ങളോ ക്വാർട്ടേഴ്സ് ഏറ്റെടുത്തതിന്റെ വിവരങ്ങളോ ക്വാർട്ടേഴ്സിലെ സാധനസാമഗ്രികൾ കൈപ്പറ്റിയതിന്റെയോ വിവരങ്ങൾ മേൽ രജിസ്റ്ററിൽ ഇല്ല. നഗരസഭ ലഭ്യമാക്കിയ 2018 ഓഗസ്റ്റ് മുതലുള്ള ശമ്പള ബില്ലുകൾ പ്രകാരം സെക്രട്ടറി ശമ്പളത്തോടൊപ്പം എച്ച് ആർ എ കൂടി കൈപ്പറ്റുന്നതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ എൻക്വയറിക്ക നൽകിയ ( ഓഡിറ്റ് എൻക്വയറി - 9) മറുപടിയിൽ സെക്രട്ടറിയുടെ ശമ്പളം സ്പാർക്ക് സംവിധാനത്തിലൂടെ മാറുന്നതിനാൽ ക്വാർട്ടേഴ്സ് വാടകയിനത്തിൽ 22850/- രൂപ 07/11/2019 ൽ ഒരുമിച്ച് അടവാക്കിയതായി അറിയിച്ചു. ക്വാർട്ടേഴ്സ് വാടക തുക അതത് മാസം കുറവ് ചെയ്യാത്തത് അപാകതയായി ഓഡിറ്റ് വീക്ഷിക്കുന്നു. ക്വാർട്ടേഴ്സ് വാടക അതത് മാസത്തിൽ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുകയോ നഗരസഭാ ഫണ്ടിൽ അടവാക്കുകയോ ചെയ്യേണ്ടതാണ്.

# 1-23 എ സി ഹാൾ വാടകയ്ക്ക് നൽകുന്നില്ല

2018-19 ധനകാര്യപത്രിക പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ന്യൂ കോംപ്ലക്സ് ബിൽഡിംഗിലുള്ള എ സി ഹാൾ വാടകയ്ക്ക് നൽകിയ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വരവുള്ളതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് ലഭ്യമാക്കിയ മറുപടിയിൽ 2017 ഏപ്രിൽ മാസം മുതൽ ടി

ഹാൾ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചു. മൂന്നു വർഷത്തിലധികമായിട്ടും പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി വരുമാനദായകമാക്കിയിട്ടില്ല എന്നത് ഭരണസമിതിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

## 1-24 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കംഫർട്ട് സ്റ്റേഷനുകൾ

നഗരസഭയുടെ നിയന്ത്രണത്തിൽ 9 കംഫർട്ട് സ്റ്റേഷനുകളുള്ളതായി കാണുന്നു. അവയിൽ റിവർവ്യൂ റോഡിലുള്ള കംഫർട്ട് സ്റ്റേഷനൊഴികെയുള്ളവ നിലവിൽ പ്രവർത്തിക്കുന്നതാണെന്ന് നഗരസഭ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. റിവർവ്യൂ റോഡിലുള്ള കംഫർട്ട് സ്റ്റേഷൻ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന റിപ്പോർട്ടിന്മേൽ അടച്ചിട്ടിരിക്കുകയാണെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി – 4,37) അറിയിച്ചിട്ടുണ്ട് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നിമിത്തം അടച്ചിട്ടിരിക്കുകയാണെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. പരിപാലനസംവിധാനങ്ങൾ ഒരുക്കി കംഫർട്ട് സ്റ്റേഷൻ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പാലാ നഗരത്തിലെ ടൗൺ ബസ്സ്റ്റാൻഡിനോടനുബന്ധിച്ചുള്ള കംഫർട്ട് സ്റ്റേഷൻ 12-04-2018ൽ ലേലം കൊണ്ട ശ്രീ. കെ.വി. ഗോപാലൻ, കുട്ടിയാങ്കൽ എന്ന വ്യക്തി 16-04-2018 മുതൽ മേൽ കംഫർട്ട് സ്റ്റേഷൻ പ്രവർത്തനക്ഷമമല്ലെന്ന് നഗരസഭയെ അറിയിച്ചതായി കാണുന്നു. ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ അടിയന്തിരനടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറി മുൻസിപ്പൽ എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മേൽ പ്രവൃത്തി സമയബന്ധിയമായി പൂർത്തിയാക്കിയതായി കാണുന്നില്ല. നിലവിൽ കരാറുകാരന്റെ ലേലത്തുക ടിയാൾ കംഫർട്ട് സ്റ്റേഷൻ നടത്തിയ നാലു ദിവസത്തെ കിഴിച്ച് തിരികെ നൽകുന്നതിനു സർക്കാരിനോട് അപേക്ഷിച്ച് കത്ത് നൽകിയിട്ടുണ്ട് (03-12-18ലെ R3 625/2018 നമ്പർ കത്ത്). ഇപ്പോൾ മേൽ കംഫർട്ട് സ്റ്റേഷൻ പ്രവർത്തനക്ഷമമാണെന്ന് അറിയിച്ചിട്ടുണ്ട്.

കംഫർട്ട് സ്റ്റേഷനുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1)പരിപാലനത്തിനായി കരാറുകാരെ ഏൽപ്പിച്ചിട്ടുള്ളവ ഉൾപ്പെടെ എല്ലാ കംഫർട്ട് സ്റ്റേഷനുകളുടേയും പ്രവർത്തനം നഗരസഭയുടെ ആരോഗ്യവിഭാഗം പരിശോധന നടത്തി ആയവ കൃത്യമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2)കുത്തകലേലത്തിൽ ഉൾപ്പെടാത്ത കംഫർട്ട് സ്റ്റേഷനുകളെക്കൂടി ലേലത്തിൽ ഉൾപ്പെടുത്തി കരാറുകാരെ കണ്ടെത്തി പരിപാലനത്തിനായി ഏൽപ്പിക്കാൻ ശ്രമിക്കേണ്ടതും ആയതിനു സാധിച്ചില്ലെങ്കിൽ നഗരസഭ നേരിട്ട് പരിപാലിക്കേണ്ടതുമാണ്.

## 1-25 ബസ്സ്റ്റാൻഡ് ഫീസ് പിരിവ് - രസീതു ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തില്ല

നഗരസഭയുടെ കീഴിലുള്ള കൊട്ടാരമറ്റം ബസ് സ്റ്റാൻഡിന്റെ കുത്തകലേലം നടപടികൾക്ക് കാലതാമസം നേരിട്ടതിനെത്തുടർന്ന് 27-03-2018 ലെ 7-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നഗരസഭ നേരിട്ട് ബസ്സ്റ്റാൻഡ് ഫീസ് പിരിവ് നടത്തുകയുണ്ടായി. ആയതിനായി ക്വട്ടേഷൻ ക്ഷണിച്ച് 100 പേജുകളുള്ള 50 രസീത് ബുക്കുകൾ പ്രിന്റ് ചെയ്യുകയും ടി രസീത് ബുക്കുകൾ ഉപയോഗിച്ച് പണപ്പിരിവ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ രസീതു ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 19) മറുപടി ലഭ്യമാക്കിയിട്ടില്ല. പണപ്പിരിവിനായുള്ള രസീതുകൾ സ്റ്റോക്കിലെടുക്കേണ്ടതും ആയത് പണപ്പിരിവ് നടത്തുന്ന ജീവനക്കാർക്ക് കൃത്യമായി ഇഷ്യൂ ചെയ്യേണ്ടതുമാണ്. ഭാവിയിൽ ഇത്തരത്തിലുള്ള നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-26 മുൻസിപ്പൽ സ്റ്റേഡിയം - പ്രവർത്തനം സംബന്ധിച്ച്.

സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെ നിരവധി സൗകര്യങ്ങളോട് കൂടിയ മുൻസിപ്പൽ സ്റ്റേഡിയം നഗരസഭയുടെ പ്രധാന ആസ്തികളിലൊന്നാണ്. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ നീന്തൽക്കുളം, വിവിധ കായിക മത്സരങ്ങൾക്ക് ഉതകുന്ന വേദികൾ തുടങ്ങിയവ ചേർന്ന സ്റ്റേഡിയം ദേശീയ മത്സരങ്ങൾക്ക് വരെ വേദിയാകത്തക്ക വിധത്തിലാണ്

സജ്ജീകരിച്ചിരിക്കുന്നത്. നഗരസഭയുടെ 2018-19 ധനകാര്യപത്രിക പ്രകാരം സ്റ്റേഡിയത്തിൽ നിന്നും നഗരസഭയ്ക്ക് ലഭ്യമായ വരവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | സ്റ്റേഡിയം വാടക (നടപ്പുവ്യായാമക്കാരിൽ നിന്നും ഈടാക്കുന്ന ഫീസ് ഉൾപ്പെടെ) | 721120 |
| 2 | സ്റ്റേഡിയത്തോടനുബന്ധിച്ച അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് വാടക | 20000 |
| | ആകെ | 741120 |

സ്റ്റേഡിയം പരിപാലനത്തിനായി 2018-19 വർഷം 4,65,010/- രൂപ ചെലവായിട്ടുള്ളതായി വൗച്ചറുകളിൽ നടത്തിയ പരിശോധനയിൽ കാണുന്നു.

സ്റ്റേഡിയം നടത്തിപ്പിനായി നഗരസഭ ചെയർപേഴ്സൺ അദ്ധ്യക്ഷനും സ്ഥലം എം പി, എം എൽ എ, അത്‌ലറ്റിക് ഫെഡറേഷൻ പ്രതിനിധി, സ്കൂൾ/കോളേജ് തല സ്പോർട്സ് പ്രതിനിധികൾ എന്നിവർ അംഗങ്ങളായ സ്റ്റേഡിയം മാനേജ്മെന്റ് കമ്മറ്റി നിലവിലുണ്ട്. പ്രസ്തുത കമ്മറ്റി 03/09/2018, 04/09/2018, 26/09/2018, 11/10/2018, 05/01/2019 എന്നീ തീയതികളിൽ യോഗം ചേർന്നതായി സ്റ്റേഡിയം മാനേജ്മെന്റ് കമ്മറ്റി യോഗമിനിട്സിൽ നിന്നും വ്യക്തമാകുന്നു. കായിക മത്സരങ്ങൾ, കായികപരിശീലനം തുടങ്ങിയവയ്ക്കായി സിന്തറ്റിക് ട്രാക്ക്, സ്റ്റേഡിയത്തിലെ മറ്റ് സൗകര്യങ്ങൾ എന്നിവ വാടകയ്ക്ക് നൽകിയതായി കാണുന്നു. നടപ്പ് വ്യായാമത്തിനായി സ്റ്റേഡിയം ഉപയോഗിക്കുന്നവരിൽ നിന്നും നിശ്ചിതഫീസ് ഈടാക്കുന്നുണ്ട്. ഫീസ് അടവാക്കിയ വ്യായാമക്കാർക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നുമുണ്ട്. ഈ നടപടികൾ സ്റ്റേഡിയത്തിന്റെ പരിപാലനത്തിന് ഗുണപരമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എന്നാൽ സ്റ്റേഡിയത്തിന്റെ ഭാഗമായ നീന്തൽക്കുളം നിലവിൽ പ്രവർത്തിക്കുന്നില്ല. കൂടാതെ സ്റ്റേഡിയത്തോടനുബന്ധിച്ചുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ താഴത്തെ നില ജിംനേഷ്യം നടത്തിപ്പിനായി വിഭാവനം ചെയ്തിരുന്നുവെങ്കിലും ആയതും നടപ്പായിട്ടില്ല. ദീർഘവീക്ഷണത്തോടെ നടപടികൾ സ്വീകരിച്ച് സ്റ്റേഡിയത്തിന്റെ സൗകര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി കായികശേഷി വികസനത്തോടൊപ്പം നഗരസഭയുടെ ലാഭകരമായ ആസ്തിയാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ

നഗരസഭയിലെ 2018-19 വർഷത്തെ തനതുഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ പേയ്മെന്റ് വൗച്ചർ സഹിതം ക്രമമായി സൂക്ഷിച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 9(1) പ്രകാരം നഗരസഭയിലെ എല്ലാ ഇടപാടുകളും ഒരു വൗച്ചറിൽ രേഖപ്പെടുത്തണമെന്നും, ചട്ടം 9(2) പ്രകാരം അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ വൗച്ചറുകൾ തയ്യാറാക്കേണ്ടതും അപ്രകാരം തയ്യാറാക്കിയ വൗച്ചറുകൾ ഇടപാടുകളെ അധികൃതമാക്കുന്ന അനുബന്ധ രേഖകളുടെ ആമുഖപത്രം ആകണമെന്നും ചട്ടം 9(4) പ്രകാരം വൗച്ചറുകൾക്ക് ക്രമ നമ്പർ നൽകുന്നതിനെപ്പറ്റിയും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം മുനിസിപ്പൽഫണ്ടിൽ നിന്നും നടത്തിയ വിവിധ ചെലവുകളുടെ വൗച്ചർ ഫയൽ പരിശോധിച്ചതിൽ പല ചെലവുകൾക്കും വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ലായെന്നും വൗച്ചറുകൾ ഉള്ളവയ്ക്ക് കൈപ്പറ്റ് രസീതുകൾ/തുക കൈമാറിയതിന്റെ രേഖകൾ, വിനിയോഗവിശദാംശങ്ങൾ മുതലായ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും വ്യക്തമാകുന്നു. ഇപ്രകാരമുള്ള ചെലവുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വൗച്ചറുകൾ ഇല്ലാത്തതും അനുബന്ധ രേഖകൾ ഇല്ലാത്തതുമായ ചെലവുകളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കാത്തത്

| വൗച്ചർ നമ്പർ, മാസം | ഉദ്ദേശ്യം | തുക | ചെക്ക് നം, തീയതി |
|---|---|---|---|
| 61/4.18 | രജിസ്റ്ററുകളും ഫാറങ്ങളും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയതിന് നല്കിയത് | 15575/- | 56079/16.4.18 |
| 12/5.18 | വക്കീൽ ഫീസിനത്തിൽ നൽകിയത് | 25000/- | 129570/2.5.18 |
| 10/6.18 | ശ്മശാനം അറ്റകുറ്റപ്പണിക്ക് നൽകിയത് | 125000/- | 129628/1.6.18 |
| | | | |

| | | | |
|---|---|---|---|
| 76/8.18 | തെറ്റായി പോസ്റ്റ് ചെയ്തതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു | 456546/- | 927201/29.8.18 |
| 67/10.18 | ലോൺ റിമൂവർ വാങ്ങിയതിന് നൽകിയത് | 57523/- | 335778/25.10.18 |
| 123/3.19 | വിമുക്തി പ്രോഗ്രാം | 25000/- | 775826/30.3.19 |
| 124/3.19 | വിമുക്തി പ്രോഗ്രാം | 16000/- | 775827/30.3.19 |
| 91/4.18 | പെർഫ്യൂംഡ് ഗ്രീൻ ഫിനൈൽ വാങ്ങിയത് | 199888/- | 56098/20.4.18 |
| 43/11.18 | മാത്യൂ തോമസിന് റിട്ടെൻഷൻ നൽകിയത് | 60946 | 1209537/12.11.18 |
| 46/11.18 | ഓൺലൈൻ പേയ്മെന്റിന്റെ റീഫണ്ട് | 245000/- | 335808/13.11.18 |
| 23/10.18 | ബ്ളീച്ചിംഗ് പൗഡർ മേടിച്ചത് | 30115/- | 330272/4.10.18 |
| 82/7.18 | പത്രപ്പരസ്യത്തിന് നൽകിയത് | 11172/- | 27065/23.7.18 |
| 89/7.18 | പത്രപ്പരസ്യത്തിന് നൽകിയത് | 29985 | 270657/23.7.18 |
| | ആകെ | 1297750 | |

വൗച്ചർ ലഭ്യമാക്കാത്ത ചെലവുകളുടെ ഉദാഹരണങ്ങൾ

| വൗച്ചർ നമ്പർ, മാസം | ഉദ്ദേശ്യം | തുക | ചെക്ക് നം, തീയതി |
|---|---|---|---|
| 121 /4.18 | ലേല ഡെപ്പോസിറ്റ് ഇൻകംടാക്സ് | 6000 | 56109/28.4.18 |
| 122/4.18 | ലഘുഭക്ഷണം വാങ്ങിയത് | 18396 | 129561/28.4.18 |
| 123/4.18 | ഉച്ചഭക്ഷണം വാങ്ങിയത് | 28000 | 129563/28.4.18 |
| 29/5.18 | മുരിക്കുംപുഴ കടവ് കൺവീനർ വർക്ക് ഐറ്റി ബാലൻസ് | 62378 | 129588/4.5.18 |
| | ആകെ | 114774 | |

വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരമുള്ള 1412524/- (1297750 + 114774) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വൗച്ചറുകൾ പേയ്മെന്റ് വൗച്ചർ, അനുബന്ധരേഖകൾ എന്നിവ സഹിതം ക്രമമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

2018-19 വർഷം നഗരസഭയിൽ അനുവദിച്ച എല്ലാ അഡ്വാൻസുകളുടെയും വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ വിവരങ്ങൾ വൗച്ചറിനൊപ്പം ലഭ്യമാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. മാസം | ഉദ്ദേശം | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തുക | ചെക്ക് നം |
|---|---|---|---|---|
| 18/1.19 | നാഷണൽ ഫ്ലാഗ് വാങ്ങൽ | തോംസൺ ജോർജ്, സീനിയർ ക്ളർക്ക് | 5000 | 608011/5.1.19 |
| 42/2.19 | നികുതി കുടിശ്ശിക നിവാരണം | വി മായ ,ആർ.ഐ | 10000 | 688056/13.2.19 |
| 73/2.19 | ജനറേറ്റർ സ്വിച്ച് റിപ്പയറിംഗ് | അബി ജോൺസ്,റ്റി.ജി.ഒ | 25000 | 608066/28.2.19 |
| 53/3.19 | ടയർ വാങ്ങൽ | ബിജോയ് പി. ഡ്രൈവർ | 2500 | 3975583/11.3.19 |
| 82/3.19 | ടോയ്‌ലറ്റ് ക്ലീനിംഗ് കംഫർട്ട് സ്റ്റേഷൻ | ബി രഞ്ജിത്ത് ജെ.എച്ച് .ഐ | 25000 | 608107/16.3.19 |
| 75/6.18 | നെറ്റ് വർക്ക് കണക്ഷൻ | അന്നമ്മ ചെറിയാൻ | 1600 | 201273/22.6.18 |
| | ആകെ | | 691001 | |

മേൽപ്പറഞ്ഞ അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും നഗരസഭയിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസുകൾ സമയപരിധിക്കുള്ളിൽ ക്രമീകരിക്കുന്നുണ്ടെന്നുറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ 69,100/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 തനതുഫണ്ടിൽ നിന്നും നൽകിയ തുക തിരികെ ലഭിക്കാൻ അവശേഷിക്കുന്നു.

2018-19 വർഷം തനതുഫണ്ടിൽ നിന്നും 44990/- രൂപ (വൗച്ചർ നം.46/13.4.18, ചെക്ക് നം. 56071/13.04.18, ഫയൽ നം.എ2/3625/09 ) നഗരകാര്യഡയറക്ടറുടെ 23/03/2018 ലെ പി 10/1163/2018-ാം നം ഉത്തരവ് പ്രകാരം റിട്ടയർ ചെയ്ത സൂപ്രണ്ട് ശ്രീമതി പരമേശ്വരി ദേവിയുടെ തടഞ്ഞുവെച്ച ഡി.സി.ആർ.ജി ഇനത്തിൽ നൽകിയിട്ടുണ്ട്. ടി തുക മാവേലിക്കര നഗരസഭാ സെക്രട്ടറി പാലാ നഗരസഭാ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 44990/- രൂപ നഗരസഭാ ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ലെന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.12 ) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് തുക ലഭ്യമാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-30 വെള്ളക്കരം ഇനത്തിൽ വൻകുടിശിക നിലനില്ക്കുന്നത്.

നഗരസഭയിലെ സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 7/2018-19 പ്രോജക്ട് പ്രകാരം 268056/- രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് വാട്ടർ അതോറിട്ടിയിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. 34 ടാപ്പുകളുടേതായി ഒരു ടാപ്പിന് പ്രതിവർഷം 7884/- രൂപ നിരക്കിൽ 22338/- രൂപ വീതമാണ് പ്രതിമാസം അടവാക്കിയിട്ടുള്ളത്.

വാട്ടർ അതോറിട്ടി നല്കുന്ന പ്രതിമാസബില്ലിൽ വൻ കുടിശ്ശികയുൾപ്പെടെ ചേർത്താണ് ലഭ്യമാകുന്നതെങ്കിലും കുടിശ്ശികയൊഴികെയുള്ള തുകയാണ് ഒടുക്കിയിട്ടുള്ളത്.

14-9-2018ൽ വാട്ടർ അതോറിട്ടിയിൽ നിന്ന് ലഭ്യമായ AB4-358/01 Vol.IIIനമ്പർ കത്തിൽ 25 വാട്ടർ കണക്ഷനുകളുടേതായി 29982678/- രൂപയുടെ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നത് അടിയന്തിരമായി അടയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തുക അടച്ചിട്ടില്ല. ഏറ്റവും അടുത്ത തീയതിയിൽ, 23-01-2020ൽ വാട്ടർ അതോറിട്ടി ലഭ്യമാക്കിയ AB4-358/01 Vol. III നമ്പർ കത്തിൽ അറിയിച്ചിട്ടുള്ളത് നഗരസഭയിലെ 19 വാട്ടർ കണക്ഷനുകളുടേതായി 26737811/- രൂപയുടെ കുടിശിക 10 ദിവസത്തിനുള്ളിൽ അടയ്ക്കണമെന്നാണ്.

നഗരസഭയിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം, വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി ഉറപ്പാക്കേണ്ടതും അതനുസരിച്ച് വാട്ടർചാർജ് ക്രമീകരിക്കേണ്ടതുമാണ്. നഗരസഭയിൽ നിന്ന് വാട്ടർ അതോറ്റിയിലേക്ക് വെള്ളക്കരം ഇനത്തിൽ സർക്കാർ ഗ്രാന്റിൽ നിന്ന് കിഴിവ് വരുത്തിയ തുകയുടേതുൾപ്പെടെയുള്ള കണക്കുകൾ ക്രോഡീകരിച്ച് കുടിശ്ശിക സംബന്ധിച്ച വ്യക്തത വരുത്തേണ്ടതാണ്. നഗരസഭാ കൗൺസിൽ ഇതിലേക്ക് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 യു.പി.എസ്.കളുടെ എ.എം.സി - ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1) നഗരസഭാ ഓഫീസ് ഉപയോഗത്തിലുള്ള 2KVA, 3KVA യു.പി.എസ്.കളുടെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ നോട്ടീസ് വിൻഡോ പരസ്യം 11 എഡിഷനുകളിൽ പ്രസിദ്ധപ്പെടുത്തിയതിന് മലയാള മനോരമ ദിനപത്രത്തിന് 38902/- രൂപ (വൗച്ചർ നം. 16/2.5.18, ചെക്ക് നം 129674/2.5.18 ) നൽകിയിട്ടുണ്ട്. ടി പരസ്യം പ്രസിദ്ധപ്പെടുത്തിയ 11 എഡിഷനുകളിലെ പത്രപ്പരസ്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം 11 എഡിഷനുകളിൽ പരസ്യം നൽകാനിടയായ സാഹചര്യം വ്യക്തമല്ല. ഈ യു.പി.എസ്.കളുടെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നൽകിയതിന്റെ വിവരങ്ങൾ ഉൾപ്പെടെ മേൽപ്പറഞ്ഞ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.38) മറുപടി ലഭ്യമാക്കിയില്ല.

2) ഓഫീസ് ആവശ്യത്തിനുള്ള 5KVA, 10 KVA യു.പി.എസിന്റെ എ.എം.സി ഇനത്തിൽ m/s ഹൈക്കൺ ഇന്ത്യ ലിമിറ്റഡ്, കോട്ടയത്തിന് 30385/- രൂപ (വൗച്ചർ നം.109/29.6.18, 201307/29.6.18) നൽകിയിട്ടുണ്ട്. വൗച്ചറിനൊപ്പം ലഭ്യമാക്കിയ ഇൻവോയ്സിൽ 15.1.18 മുതൽ 14.1.19 വരെയാണ് എ.എം.സി എന്ന് നോട്ടെഴുതിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട കരാർ, ടി സ്ഥാപനത്തിന് എ.എം.സി. നൽകിയതിന്റെ മറ്റ് നടപടിക്രമങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.38) മറുപടി ലഭ്യമാക്കിയില്ല.

ചെലവിനെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ മേൽ വൗച്ചറുകൾ പ്രകാരമുള്ള 69287/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-32 പ്രൊവിഡന്റ് ഫണ്ടിൽ അധികമായി ക്ഷാമബത്ത കുടിശിക ലയിപ്പിച്ചു.

ഫയൽ നം.എ2-3156

നഗരസഭാ സെക്രട്ടറി 10.10.2019ൽ എ2-3156-ാം നമ്പരായി നഗരകാര്യ ഡയറക്ടർക്കയച്ച കത്തിൽ നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ഡി.എ അരിയർ 1,29,766/- (ജി.ഒ.(പി) നം.335/15 തീയതി 7.8.15 പ്രകാരമുള്ള 80-86%) പേ റിവിഷൻ അരിയർ 5,60,349/- രൂപയും (ജി.ഒ (എം.എസ്)നം.110/2016 തീ 17.8.2016 പ്രകാരമുള്ളത്) ഉൾപ്പെടെ 690115/- രൂപ (10.05.2017 ലെ ചെക്ക് നം. 785285) പാലാ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്. പിന്നീട് 20.02.2019 ലെ 1209556-ാം നം. ചെക്ക് പ്രകാരം 121896/- രൂപ ജി.ഒ.(പി) നം.335/15 തീ 7.8.15 (80-86% വർധനവ്) പ്രകാരമുള്ള ഡി.എ അരിയർ ഇനത്തിൽ തന്നെ പി.എഫ്.ലേക്ക് വീണ്ടും ഒടുക്കിയതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതായും ഈ പിശക് സംഭവിച്ചതിനാൽ തുടർന്നുള്ള ഡി.എ.അരിയർ നൽകുവാൻ സാധിച്ചിട്ടില്ലാത്തതായും ഡി.എ. അരിയർ ഇനത്തിൽ രണ്ടാമതായി അടവാക്കിയ 121896/- രൂപ നഗരസഭാ സെക്രട്ടറിയുടെ പേരിൽ ജില്ലാ ട്രഷറിയിലുള്ള 709011400000004-ാംനം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നഗരകാര്യ ഡയറക്ടറോട് മേൽ കത്തിൽ അപേക്ഷിച്ചിട്ടുണ്ട്.

നഗരസഭയുടെ ട്രഷറി അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 22.02.2019ൽ ചെക്ക് നം.1209556 പ്രകാരം 121896/- രൂപയും ചെക്ക് നം.1209555 പ്രകാരം 36341/- രൂപയും അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബിൽ രജിസ്റ്റർ പ്രകാരം ഈ തുകകളുടെ ചെലവുവിവരം കണ്ടെത്താൻ സാധിച്ചിട്ടില്ല. ഈ ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചർ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത വ്യക്തമല്ല. ഈ തുകകളുടെ വിശദാംശങ്ങളും (കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 9(1) പ്രകാരം ഇടപാടുകൾ രേഖപ്പെടുത്തേണ്ട വൗച്ചർ , ബിൽ രജിസ്റ്ററിലെ രേഖപ്പെടുത്തൽ, അക്കൗണ്ട് ട്രാൻസ്ഫറിന്റെ രേഖകൾ എന്നിവയുൾപ്പെടെ) ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും അപാകതയിന്മേൽ വിശദീകരണവും ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.47) മറുപടി ലഭ്യമാക്കിയില്ല. ഒരു തവണ പി.എഫ്.ൽ ലയിപ്പിച്ച ഡി.എ. അരിയർ രണ്ടാമതും ലയിപ്പിച്ചത് ക്രമപ്രകാരമല്ല. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-33 ലാപ്ടോപ്പ് വാങ്ങലിനായി ഒരേദിവസം രണ്ട് പത്രപ്പരസ്യം - അധികചെലവ്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 203/19, 210/19 എന്നീ പ്രോജക്ടുകൾ യഥാക്രമം പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും, പട്ടികവർഗവിഭാഗം വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് വിതരണം ആണ്. ഒരേ സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങളാണ് രണ്ട് പ്രോജക്ട് പ്രകാരവും വിതരണം ചെയ്തത്. പ്രോജക്ട് നമ്പരും അടങ്കൽ തുകയും മാത്രമാണ് വ്യത്യസ്ഥം. എന്നാൽ 22-2-2019 ലെ മംഗളം ദിനപ്പത്രം, പേജ് 8ൽ രണ്ട് പ്രോജക്ടുകൾക്കായി 2 പരസ്യമാണ് പ്രസിദ്ധീകരിച്ചത്. പത്രം നല്കിയ ബിൽ പ്രകാരം 8x18,144 cm പരസ്യത്തിന് 22491/- രൂപ വീതമാണ് ബിൽ തുക. എന്നാൽ പിന്നീട് കിഴിവുകൾ വരുത്തി 12000/- രൂപ വീതം എന്ന് പരിമിതപ്പെടുത്തി ആകെ 24,000/- രൂപ ചെലവഴിച്ചിട്ടുണ്ട് (പദ്ധതി രൂപീകരണ നിർവഹണ ചെലവിൽപെടുത്തി 16-10-2019 ലാണ് ബിൽ മാറിയതായി കാണുന്നത്).

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ (ജി.ഒ(പി)നം. 259/2010/ത.സ്വ.ഭ.വ/8-11-2010) നിർദേശിക്കുന്നത് ഓഫീസ് ഉപകരണം, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങുക എന്നാണ്. കൂടാതെ പത്രപരസ്യം വിൻഡോപരസ്യമായി പ്രസിദ്ധീകരിക്കാനാണ് സർക്കാർ നിർദ്ദേശമെന്നിരിക്കെ ഇപ്രകാരം കൂടിയ വലിപ്പത്തിൽ പരസ്യം പ്രസിദ്ധീകരിച്ചത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനവുമാണ്.

ഇപ്രകാരം വാങ്ങലിന് ഒറ്റ പരസ്യം മാത്രം മതിയായിരിക്കേ ഒരേദിവസം തന്നെ ഒരേ പത്രത്തിൽ രണ്ട് പരസ്യം പ്രസിദ്ധീകരിച്ച് 12000/- രൂപ അധികചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (23/22-1-2020) ലഭ്യമാക്കിയ മറുപടിയിൽ വ്യത്യസ്ത പ്രോജക്ടുകളായതിനാലാണ് ഇപ്രകാരം പരസ്യം പ്രസിദ്ധീകരിച്ചതെന്നാണ് അറിയിച്ചത്.
പ്രൊക്യൂവർമെന്റ് മാർഗരേഖ കൃത്യമായി പാലിച്ച് ഇപ്രകാരമുള്ള വാങ്ങൽ പ്രവൃത്തികളിലെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

# 1-34 യാചകപുനരധിവാസം - സ്വകാര്യസ്ഥാപനത്തിന് വർഷം തോറും വികസനഫണ്ടിൽ നിന്ന് തുക നൽകുന്നു .

എച്ച് 4-6590/15
പ്രോജക്ട് നം.10/19

അടങ്കൽ - 5,50,000(വികസനഫണ്ട്)

ചെലവ് - 5,39,403/-

(ബിൽ നം.6/29.9.18 – 1,53,816

8/15.10.18 – 3,85,587)

പാലാ നഗരസഭ യാചകപുനരധിവാസത്തിനായി 2018-19 വാർഷികപദ്ധതിയിൽ വകയിരുത്തിയ 5,50,000/- രൂപയിൽ 5,39,403/- രൂപ മേല്പറഞ്ഞതു പ്രകാരം ശ്രീ.സന്തോഷ് ജോസഫിന്റെ ഉടമസ്ഥതയിലുള്ള മരിയ സദനത്തിന് നൽകിയിട്ടുണ്ട്. ഒരു അന്തേവാസിയ്ക്ക് പ്രതിദിനം 98/- രൂപ നിരക്കിൽ 12/2017 മുതൽ 2/2018 വരെ 1,53,816/- രൂപയും 3/2018 മുതൽ 8/18 വരെയുള്ള കാലയളവിൽ 3,85,587/- രൂപയും ഉൾപ്പടെയുള്ള തുകയാണ് നൽകിയിരിക്കുന്നത്. 2015-16 വർഷം മുതൽ 2018-19 വരെ വികസനഫണ്ടിൽ നിന്ന് 30,39,403/- രൂപ നഗരസഭ മേല്പറഞ്ഞ സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (2017-18 ഓഡിറ്റ് റിപ്പോർട്ട് ഖ-3-16 കാണുക) സ്വന്തമായി യാചകപുനരധിവാസ കേന്ദ്രമില്ലാത്ത നഗരസഭ ഇത്തരം ഒരു സംരംഭം ആരംഭിക്കേണ്ടതിനു പകരം ഇതേ ആവശ്യത്തിന് സ്വകാര്യ സ്ഥാപനത്തിന് വർഷം തോറും വൻതുക നൽകി വരുന്നത് നിയമപ്രകാരമല്ല. സർക്കാരിന്റെ മുൻകൂർ അനുമതിയോ, സാമൂഹ്യനീതിവകുപ്പിന്റെ അംഗീകാരമോ ഇല്ലാതെ ഇപ്രകാരം തുക ചെലവഴിക്കുന്നത് വികസനഫണ്ടിന്റെ വ്യക്തമായ ദുർവിനിയോഗമാണ്. തുടർച്ചയായ വർഷങ്ങളിൽ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടും നഗരസഭ ഇതു തുടർന്നു വരുന്നത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. നഗരസഭ സ്വന്തം നിലയിൽ യാചകപുനരധിവാസകേന്ദ്രം ആരംഭിച്ച് ആയതിന് സർക്കാർ ഗ്രാന്റ് ലഭ്യമാക്കി സാമൂഹ്യനീതി ഉറപ്പാക്കുന്ന ലക്ഷ്യത്തിൽ സർക്കാരിന്റെ ഭാഗമാകാൻ ശ്രമിക്കേണ്ടതാണ്.

നിയമപരമായ അടിസ്ഥാനനടപടിക്രമങ്ങൾ പാലിക്കാതെ ചെലവഴിച്ച 5,39,403/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാരിന്റെ അനുമതി കൂടാതെ നാളിതു വരെ വികസനഫണ്ടിൽ നിന്ന് ഈ ഇനത്തിൽ ചെലവഴിച്ച തുകയ്ക്ക് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്.

# 1-35 സർക്കാർ ഗ്രാന്റ് വിനിയോഗിച്ച് സ്വകാര്യസ്ഥാപനത്തിന് വാഷിംഗ് മെഷീൻ വാങ്ങി നൽകി - നടപടി ക്രമവിരുദ്ധം

ഫയൽ നം.എച്ച് 4/4776/16

സർക്കാർ ഉത്തരവ് (സാധാ)നം.1249/2016/തസ്വഭവ തീയതി 15.3.16 പ്രകാരം സാധുഭവനങ്ങൾ, യാചകകേന്ദ്രങ്ങൾ മുതലായവയുടെ മൂലധന ആസ്തികളുടെ രൂപീകരണത്തിന് 2015-16 വർഷം പാലാ നഗരസഭയ്ക്ക് 83,921/- രൂപ ഗ്രാന്റ് അനുവദിച്ചിരുന്നു. തുക ഡി.ഡി.നം.089347/7.4.16 പ്രകാരം ലഭിക്കുകയും SBT പാലാ ബ്രാഞ്ചിലുള്ള നഗരസഭയുടെ തനതുഫണ്ട് അക്കൗണ്ടിൽ വരവുവെയ്ക്കുകയും ചെയ്തു. നഗരസഭാ കൗൺസിലിന്റെ 17.8.16ലെ 11-ാം നമ്പർ തീരുമാനപ്രകാരം മേല്പറഞ്ഞ തുക വിനിയോഗിച്ച് പാലാ നഗരസഭ യാചകപുനരധിവാസകേന്ദ്രത്തിലേയ്ക്ക് 15kg. Heavy duty washing machine front loading model വാങ്ങുന്നതിന് തീരുമാനിച്ചു. പാലാ നഗരസഭയ്ക്ക് സ്വന്തമായി സർക്കാരിന്റെയും സാമൂഹ്യനീതിവകുപ്പിന്റെയും അംഗീകാരമുള്ള യാചകപുനരധിവാസകേന്ദ്രം ഇല്ലാത്ത സ്ഥിതിയ്ക്ക് ഇപ്രകാരമൊരു കൗൺസിൽ തീരുമാനം തന്നെ വസ്തുതാവിരുദ്ധമാണ്.

മേല്പറഞ്ഞ തീരുമാനപ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞനിരക്കു സൂചിപ്പിച്ച ആൽഫാ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ആലുവ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു.(ലഭിച്ച മറ്റു മൂന്നു ക്വട്ടേഷനുകളും ഒരേ മാതൃകയിലുള്ളതും സ്ഥാപനത്തിന്റെ പൂർണ്ണമായ മേൽവിലാസമോ, ഫോൺനമ്പരോ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. ക്വട്ടേഷൻ നടപടിക്രമങ്ങളിൽ സുതാര്യത പാലിക്കുന്നതിന് ഇത്തരത്തിലുള്ള ക്വട്ടേഷനുകൾ പരിഗണിക്കാതിരിക്കുന്നതാണ് ഉചിതം). വാഷിംഗ് മെഷീൻ സപ്ലൈ ചെയ്ത ഇനത്തിൽ 82440/- രൂപ (ചെക്ക് നം.201287/26.6.18) നഗരസഭാ കൗൺസിലിന്റെ 18.6.18ലെ 18-ാം നം. തീരുമാനപ്രകാരം സ്ഥാപനത്തിന് നൽകി. വാഷിംഗ് മെഷീൻ നൽകിയത് സന്തോഷ് ജോസഫ് എന്ന സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ള മരിയസദനം എന്ന സ്ഥാപനത്തിനാണ്. സർക്കാർ ഗ്രാന്റ് ഇപ്രകാരം സ്വകാര്യവ്യക്തിയുടെ സ്ഥാപനത്തിനു വേണ്ടി ചെലവഴിക്കാനിടയായ സാഹചര്യം വ്യക്തമല്ല.

നഗരസഭാ കൗൺസിലിന്റെ 13.10.14ലെ 18-ാം നം. തീരുമാനപ്രകാരം മരിയസദനത്തിലെ 2 മുറികൾ 6.1.2025 വരെ വാടകയില്ലാതെ ഏറ്റെടുത്ത് യാചകപുനരധിവാസം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഇതിന് സർക്കാരിന്റെയോ സാമൂഹ്യനീതിവകുപ്പിന്റെയോ അംഗീകാരം വാങ്ങിയിട്ടില്ല. മാത്രമല്ല മുറികൾ ഉപയോഗിക്കുന്നതിന് സ്ഥാപനഉടമയുമായി മുദ്രപത്രത്തിൽ ചമച്ചിട്ടുള്ള കരാർ നിയമപരമായി രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ ഇതിന് നിയമപരിരക്ഷയുമില്ല.

മേൽ പരാമർശിച്ച കാരണങ്ങളാൽ ക്രമവിരുദ്ധമായി ചെലവഴിച്ച 82,440/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 കായികപരിശീലനം - അനുവദനീയമായതിലും അധികം തുക ചെലവഴിച്ചു

നഗരസഭയിലെ വിവിധ സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പടെയുള്ള ആധുനികസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കായികപരിശീലനം നൽകുന്നതിനു വേണ്ടി സെക്രട്ടറിയും ഹെൽത്ത് സൂപ്പർവൈസറും നിർവ്വഹണോദ്യോഗസ്ഥരായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. പരിശീലിക്കുന്ന കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനും തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് വിശദാംശങ്ങൾ |
|---|---|---|
| 227/19 | സെക്രട്ടറി | 187500/- രൂ. (ബിൽ നം.129/18തീയതി 19.11.18)<br>(പ്രഭാതഭക്ഷണം നൽകിയ ഇനത്തിൽ പാലാ സെന്റ് തോമസ് കോളേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകിയത്) |
| 4/19 | ഹെൽത്ത് സൂപ്പർവൈസർ | 80997/- രൂ. (ബിൽ നം.20/20.3.19)<br>(പ്രഭാതഭക്ഷണം നൽകിയ ഇനത്തിൽ പാലാ മിൽക്ക് സപ്ലൈസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകിയത്)<br>198740 + 42924 (Take off sports എന്ന സ്ഥാപനത്തിൽ നിന്ന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയത് |

| | | |
|---|---|---|
| | | (ക്യൂ ബില്ലിൽ വന്നതിനാൽ ടി തുക 2019-20 വർഷത്തെ അലോട്ട്മെന്റിൽ നിന്നാണ് മാറിയത്.) |

മേല്പറഞ്ഞ രണ്ട് പ്രോജക്ടുകൾ പ്രകാരം 2,68,497/-രൂപ ചെലവഴിക്കുകയും 2,41,664/- രൂപ ക്യൂ ബില്ലായി അടുത്ത സാമ്പത്തി വർഷം മാറുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.22/2018/തസ്വഭവ /14.2018 ഖണ്ഡിക 4.6.12പ്രകാരം കുട്ടികൾക്ക് കായികപരിശീലനത്തിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് 30,000/- രൂപ വരെ ചെലവഴിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖയിലെ നിർദ്ദേശത്തേക്കാൾ അധികമായി തുക ചെലവഴിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.43/22.1.2020ന് സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി കായിക പരിശീലനം നടത്തുന്നതിന് ടി തുക അപര്യാപ്തമായതിനാലാണ് കൂടുതൽ തുക ചെലവഴിച്ചത് എന്നാണ് മറുപടി നൽകിയത്. സർക്കാർ ഉത്തരവു പ്രകാരമുള്ള പരിധിയിൽ അധികരിച്ച് തുക ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായതിനാൽ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-37 അസിസ്റ്റന്റ് പ്ലാൻ കോ-ഓർഡിനേറ്റർ നിയമനം സംബന്ധിച്ച്.

നഗരസഭയുടെ വാർഷിക പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് പ്ലാൻ കോർഡിനേറ്റർ ആയി പ്രതിമാസം 10000/- രൂപ ഓണറേറിയം വ്യവസ്ഥയിൽ ആളെ നിയമിച്ച് പദ്ധതി രൂപീകരണ നിർവഹണ ചെലവുകളിൽപെടുത്തി 2018-19ൽ പണം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണ നിർവഹണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇപ്രകാരം നിയമനം നടത്തി തുക ചെലവഴിച്ചത് സംബന്ധിച്ച് നൽകിയ 42/22-1-2020 ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ പദ്ധതി രൂപീകരണ മാർഗരേഖയിൽ അസിസ്റ്റന്റ് പ്ലാൻ കോ-ഓർഡിനേറ്ററെ നിയമിക്കാമെന്ന നിർദേശമുള്ളതുകൊണ്ടാണ് ഇപ്രകാരം നിയമിച്ചതെന്നാണ്. എന്നാൽ മാർഗ്ഗരേഖ തെറ്റായി വ്യാഖ്യാനിച്ച് നിയമനം നടത്തുകയാണുണ്ടായത്. നഗരസഭകളിലെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങളിൽ, സർക്കാർ ഉത്തരവ് നം.17/2018/തസ്വഭവ,തീയതി 2-2-2018 ഖ.3.1.1(5), തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി പ്ലാൻ കോ-ഓർഡിനേറ്ററുടെ ചുമതല വഹിക്കേണ്ടതും മറ്റൊരു ഉദ്യോഗസ്ഥയെ/ ഉദ്യോഗസ്ഥനെ ആസൂത്രണവുമായി ബന്ധപ്പെട്ട ഓഫീസ് ചുമതലകൾ നിർവഹിക്കാൻ അസിസ്റ്റന്റ് പ്ലാൻ കോ-ഓർഡിനേറ്ററായി നിയോഗിക്കാവുന്നതാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട സെക്ഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് പ്ലാൻ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നതിന് പകരം ഹോണറേറിയം വ്യവസ്ഥയിൽ കരാർ നിയമനം നടത്തിയത് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിചലനമാണ്. ഇത് ഒഴിവാക്കേണ്ടതാണ്.

കൂടാതെ ദിവസവേതനത്തിൽ നടത്തുന്ന നിയമനങ്ങൾ സർക്കാരിന്റെ അനുമതിയോടെ മാത്രമേ ആകാവൂയെന്ന് 21-7-2018 ലെ ധനവകുപ്പിന്റെ 112/2018 ഉത്തരവിലും നിഷ്കർഷിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം നിയമനങ്ങൾ നടത്തിയിട്ടുള്ളത് പുന:പരിശോധിക്കേണ്ടതാണ്.

# 1-38 മൂന്നാനിയിലെ നഗരസഭ വക വസ്തുവിലേക്കുള്ള വഴി -സ്ഥലമെടുപ്പ് - അധികച്ചെലവ്.

ഫയൽ – PW1/11542/17

മൂന്നാനിയിലുള്ള നഗരസഭ വക വസ്തുവിലേക്ക് വഴി നിർമ്മിക്കുന്നതിന് എം.ഡി.ജോസഫ്, മറ്റത്തിൽ, ഭരണങ്ങാനം എന്ന വ്യക്തിയുടെ ളാലം വില്ലേജിൽ, ബ്ലോക്ക് 80ൽ സർവെ നം.125/29-1ൽ പെട്ട 0.1640 ഹെക്ടർ സ്ഥലം പൊന്നിൻ വിലക്കെടുത്തതിനെതിരെ ടിയാൻ പാലാ സബ് കോടതിയിൽ LAR 137/2003 ആയി അപ്പീൽ നല്കുകയും സബ് കോടതി വിധിപ്രകാരമുള്ള സ്ഥലവില കുറവായതിനാൽ ഹൈക്കോടതിയിൽ LAA 393/2006 ആയി അപ്പീൽ നല്കുകയും ചെയ്തു. പ്രസ്തുത അപ്പീലിന്മേൽ ബഹു.കോടതി (19-6-2012 ലെ വിധി) 1 ആർ സ്ഥലത്തിന് 25000/- രൂപ വീതം അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. അതിൻ പ്രകാരം 15-8-17ൽ തയ്യാറാക്കിയ കണക്കുകൾ അനുസരിച്ച് 31-12-2017 വരെയുള്ള കാലയളവിൽ സ്ഥലമുടമസ്ഥ് നൽകേണ്ട ബാക്കി തുകയുടെ വിവരം 20-12-2017 ലെ കത്തു മുഖാന്തിരം ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ നഗരസഭയെ അറിയിക്കുകയുണ്ടായി. കത്തിലെ വിവരമനുസരിച്ച് നൽകേണ്ട തുക 13,12,954/- രൂപയാണ്. എന്നാൽ നഗരസഭ തുക തഹസിൽദാർക്ക് നല്കിയത് 13-

4-2018 ലെ 056073 നം.ചെക്ക് പ്രകാരമാണ്. ഇതെത്തുടർന്ന് 30-4-18 വരെയുള്ള പലിശ കൂടി ചേർത്ത് ആകെ തുക 1334780/- എന്ന് കണക്കാക്കി പുതുക്കിയ സ്റ്റേറ്റ്മെന്റ് നല്കുകയും അധിക പലിശ തുകയായ 21826/- രൂപ 2-5-2018 ലെ 129578 നം.ചെക്ക് പ്രകാരം തഹസിൽദാർക്ക് നല്കുകയും ചെയ്തു.

22-12-2017ൽ കോടതി വിധിയും സ്ഥലമുടമയ്ക്ക് നൽകേണ്ട തുകയുടെ കണക്കുകളും ലഭ്യമായെങ്കിലും തുക നല്കാൻ താമസം വരുത്തിയതാണ് 4 മാസത്തെ കൂടി പലിശ ആയി 21826/- രൂപ നഗരസഭയ്ക്ക് അധികച്ചെലവ് ഉണ്ടായത്. ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചയാണ് ഈ അധികച്ചെലവിന് കാരണം.ഇതുസംബന്ധിച്ച വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നം.21/22-1-2020 ന് മറുപടി ലഭ്യമായില്ല. മതിയായ രേഖകൾ സഹിതം മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ അധികമായുള്ള 21826/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 1-39 ക്വോട്ട് ചെയ്ത നിരക്കിൽ ബിൽ തയ്യാറാക്കിയില്ല- അധികം തുക കരാറുകാരന് നൽകി

| | |
|---|---|
| പ്രോജക്ട് നം. | തറപ്പേൽ റോഡ് നിർമ്മാണം 275/19 |
| അടങ്കൽ | 6,00,000/-(13-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| ചെലവ് | 523932/-(ബിൽ നം.18/20.3.19 ) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാർ നം. | 23/17-18 dt 05-10-17 |
| എംബുക്ക് നം. | 44/18-19 |
| കരാറുകാരന് നല്കിയ തുക | 478035 |

തറപ്പേൽ റോഡ് നിർമ്മാണത്തിനായി 6 ലക്ഷം രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഐറ്റം റേറ്റ് ടെൻഡർ ക്ഷണിക്കുകയും ചെയ്തു. കുറഞ്ഞ നിരക്ക് (523932.27/-രൂപ) ക്വോട്ട് ചെയ്ത ജയൻ ഫിലിപ്പ് എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിക്കുകയും ചെയ്തു. ടാറിംഗ് പ്രവൃത്തികൾ നടത്തുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ നടന്ന വേളയിൽ ടി സ്ഥലത്ത് ടാറിംഗ് പ്രായോഗികമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റോഡ് കോൺക്രീറ്റിഗ് നടത്തിയിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന സൈഡ് പ്രൊട്ടക്ഷൻ വർക്കുകൾ മാത്രമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ബിൽ തയ്യാറാക്കിയ വേളയിൽ ഐറ്റം റേറ്റ് ടെൻഡർ പ്രകാരം കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം തുക കണക്കാക്കുന്നതിനു പകരം എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് നല്കി കരാർ തുകയായ 523932.27 രൂപയിൽ പരിമിതപ്പെടുത്തിയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ വേല മൂല്യം - 5,33,546.39

കരാർ തുക – 5,23,932.27

| ഇനം | കണക്കാക്കിയതുക എസ്റ്റിമേറ്റ് പ്രകാരമുള്ളത് | കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് | അധികം |
|---|---|---|---|
| Earth work excavation by mechanichal means...---511.537m3 | @190.160 =97273.8/- | @180.7 =92434.7 | 4839 |
| Dry rubble masonery—74.741m2 | @2897.76 | @2752.9 | 10826.99 |

| | | | |
|---|---|---|---|
| | =216581.48 | =205754.49 | |
| ആകെ | | | 15665.99 |

ആകെ വേലമൂല്യം കണക്കാക്കേണ്ടിയിരുന്നത് - 5,17,880.4 (533546.39 - 15665.99)

നല്കിയ തുക - 5,23,932.27

അധികം നൽകിയ തുക – 6,051.87

ഐറ്റം റേറ്റ് ടെൻഡർ പ്രകാരം കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം തുക കണക്കാക്കുന്നതിനു പകരം എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് നല്കി കരാറുകാരന് തുക അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 6052/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-40 ബാരൽവില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്.

റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും (ഒരു ബാരലിന്റെ വില 283/-രൂപ നിരക്കിൽ -18%GST ഉൾപ്പെടെ) ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ നഗരസഭയുടെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. തനതുഫണ്ടിലേക്ക് ബാരൽവിലയിനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള തുകകൾ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-41 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം -പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | റോസ് ഗാർഡൻ സെന്റ് ജൂഡ് ഗാന്ധിനഗർ റോഡ് മെയിന്റനൻസ്, 90/ 18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ബേബി ലൂക്ക |
| കരാർനമ്പർ/തീയതി | 52/18-19 Dt.21.08.18 |
| അടങ്കൽ | 3,30,000/- (മെയിന്റനൻസ് ഗ്രാന്റ് -റോഡ് ) |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 31.10.18 |
| നികുതി അടക്കം ആകെ ചെലവ് | 329704/- |
| കരാറുകാരന് നല്കിയ തുക | 312214 /- |
| ബിൽ നം./തീയതി | 112 /22.2.19 |

കരാർ വച്ച് 20 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം 1% പിഴയോടെയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയതി | 23.08.2018 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 31.10.2018. |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത് (20% ഗ്രേസ് പിരീഡ്) | 18.11.18 (ദീർഘീകരണത്തിന് അപേക്ഷ നല്കിയിട്ടില്ല) |
| പൂർത്തിയായത് | 30.01.19 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 3297/- രൂപ |

കരാർ പ്രകാരം 31.10.2018 മുതൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന് പിഴയായ 3,297/- രൂപ ഈടാക്കാതിരുന്നതിനുള്ള വിശദീകരണം നല്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ 3297/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-42 മുനിസിപ്പൽ വാർഡുകളിലേക്ക് എൽ.ഇ.ഡി ബൾബ് വാങ്ങൽ-അപാകതകൾ .

മുനിസിപ്പൽ എൻജിനീയർ നിർവ്വഹണം നടത്തിയ എൽ.ഇ.ഡി ബൾബ് വാങ്ങൽ എന്ന പ്രോജക്ട് (199/19) പ്രകാരം തെരുവുവിളക്കുകൾ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിൽ മുട്ടത്ത് ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് 800 തെരുവു വിളക്കുകൾ വാങ്ങി പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനായി ഒന്നിന് 1700/- രൂപ നിരക്കിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആയതു പ്രകാരം തെരുവുവിളക്കുകൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം | തുക |
|---|---|---|
| 1 | 17/16.2.19 | 10,20000 |
| 2 | 19/28.3.19 | 272000 (ക്യൂ ബിൽ) |

ബന്ധപ്പെട്ട പ്രോജക്ട് ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

1)നഗരസഭ പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റ്നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി.യുടെ സഹകരണത്തോടെ സംയുക്ത പരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3) 26 വാർഡ് കൗൺസിലർമാർ 26 വാർഡുകളിലും 25 എൽ.ഇ.ഡി. ബൾബുകൾ വീതം സ്ഥാപിക്കുന്നതിന് പോസ്റ്റ് നം. സഹിതം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബൾബുകൾ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ വാർഡ് 11ൽ ബൾബുകൾ സ്ഥാപിക്കേണ്ട 11 പോസ്റ്റുകളുടെ വിശദാംശങ്ങളും വാർഡ് 25ൽ 23 പോസ്റ്റുകളുടെ വിശദാംശങ്ങളും മാത്രമേ നല്കിയിരുന്നുള്ളൂ. ആയതിനാൽ വാങ്ങിയ 800 ബൾബുകളിൽ 638 ബൾബുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും ഭൗതികപരിശോധനയിലും വാങ്ങിയ 800 എൽ.ഇ.ഡി ബൾബുകളിൽ 43 എണ്ണം സ്ഥാപിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ആയതിനാൽ വാങ്ങിയ 800 ബൾബുകളിൽ സ്ഥാപിച്ച 638 എണ്ണവും അവശേഷിക്കുന്ന 43 എണ്ണവും ഒഴികെ ബാക്കി 119 (800-638-43) ബൾബുകൾ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

4) തെരുവുവിളക്കുകൾ പോസ്റ്റുകളിൽ കയറി നന്നാക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ അനുമതി വാങ്ങിയിട്ടില്ല.

5) തെരുവുവിളക്കുകൾ സ്ഥാപിച്ച എന്നതിന് കെ.എസ്.ഇ.ബി. യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

6)തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ഇതിന്റെ അഭാവം മൂലം പുതിയ തെരുവുവിളക്കുകൾ വാങ്ങുന്നതിന്റേയും പഴയ തെരുവുവിളക്കുകളുടെ അറ്റകുറ്റപണിയുടെയും ആവശ്യകതയും കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിലും തെരുവു വിളക്കുകൾ സ്ഥാപിക്കാനവശേഷിക്കുന്നത് തെരുവു വിളക്കുകളുടെ ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി എന്നതിന് തെളിവാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ തൻവർഷം തെരുവുവിളക്ക വാങ്ങുന്നതിനായി നടത്തിയ 10,20,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് ആധികാരികരേഖകൾ സഹിതം വിവരം അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

# 1-43 മുനിസിപ്പൽ ടൗൺ ഹാൾ ശീതീകരണം - ഭൗതിക സാഹചര്യം ഒരുക്കുന്നതിന് മുൻപ് തുക ഡെപ്പോസിറ്റ് ചെയ്തു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 174/19 |
| ചെലവ് | 12,62,590 (13-ാം ധനകാര്യ കമ്മീഷൻ ) |
| ബിൽ നം. | 6/25-06-18 |

മുനിസിപ്പൽ ടൗൺ ഹാൾ എ സി ആക്കൽ പ്രവൃത്തിയ്ക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ വിഭാഗം) കോട്ടയം 55 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2017-18 ൽ തയ്യാറാക്കി നൽകി. 2017-18 ൽ 42,37,410/- രൂപയും 2018-19ൽ 12,62,590/- രൂപയും ഉൾപ്പെടെ ആകെ 55 ലക്ഷം രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ തിരുവനന്തപുരത്തിന് പ്രവൃത്തി നടപ്പാക്കുന്നതിന് കൈമാറി. എന്നാൽ പൊതുമരാമത്ത് ഇലക്ട്രിക്കൽ സെക്ഷൻ വിഭാഗവുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടില്ല. എയർകണ്ടീഷൻ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായി ടൗൺ ഹാളിൽ ചില സിവിൽ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ പൊതുമരാമത്ത് ഇലക്ട്രിക്കൽ സെക്ഷൻ പാലാ 07/11/19 ൽ അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം സിവിൽ പ്രവൃത്തികൾക്കായി 4,30,000/- രൂപയുടെ എസ്റ്റിമേറ്റ് 13/01/2020 ൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ തുക ഡെപ്പോസിറ്റ് ചെയ്തത് ശരിയായ നടപടിയല്ല. ടൗൺ ഹാളിൽ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി സജ്ജീകരിച്ച് എ.സി സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കി വിവരം അറിയിക്കുന്നതുവരെ ഈ ഇനത്തിൽ തൻവർഷം ചെലവഴിച്ച 12,62,590/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-44 മുനിസിപ്പൽ ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ -ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല

ഫയൽ നം. H3- 7030/18

പ്രോജക്ട് നം. 35/19

അടങ്കൽ - 5,00,000/- (വികസനഫണ്ട്)

ചെലവ് - 1,17,538

മുനിസിപ്പൽ ലൈബ്രറിയിൽ നിലവിൽ വിതരണയോഗ്യമായ 21,250 പുസ്തകങ്ങളുടെയും അംഗങ്ങളുടെയും വിവരങ്ങൾ ഡാറ്റാഎൻട്രി നടത്തി ലൈബ്രറി കമ്പ്യൂട്ടറൈസ് ചെയ്യുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. മുന്നൊരുക്കങ്ങൾക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ഇലക്ട്രിഫിക്കേഷൻ - 17000

കമ്പ്യൂട്ടറുകൾ (2എണ്ണം) - 64180

യു പി എസ് , പ്രിന്റർ - 36358

ആകെ - 117538

ഡാറ്റാ എൻട്രി നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക സൂചിപ്പിച്ച ഇൻഫോവീവ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും (3,49,798/- രൂപ) 28.2.19ന് സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ കമ്പ്യൂട്ടറുകൾ, പ്രിന്റർ, യു പി എസ് എന്നിവ വാങ്ങുന്നതിന് കെൽട്രോണിന് തുക നൽകിയെങ്കിലും പ്രിന്റർ ലഭ്യമായത് 6.11.19ലാണ്. ആയതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടു. നിലവിൽ ഡാറ്റാ എൻട്രി ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ആയതു പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-45 കുടിവെള്ള പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം ലഭ്യമായില്ല.

2018-19 ൽ പ്രവൃത്തി ആരംഭിച്ച ചുവടെ ചേർക്കുന്ന കുടിവെള്ള പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല.

1. മുരിക്കുംപുഴ കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 183/19 |
| ചെലവ് | 911810 (13-ാം ധനകാര്യ കമ്മീഷൻ ) |
| ബിൽ നം. | 132/26-03-19 |

കിണർ നിർമ്മാണം, സിമന്റ് വാട്ടർ ടാങ്ക് സ്ഥാപിക്കൽ, HDPE പൈപ്പ്, മോട്ടോർ, മോട്ടോർ ഷെഡ്, വിതരണപൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കൽ, വൈദ്യുത കണക്ഷൻ ലഭ്യമാക്കൽ എന്നിവയുൾപ്പെടെ 14,99,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്ടാണിത്. കിണർ നിർമ്മാണം, സിമന്റ് വാട്ടർ ടാങ്ക്, HDPE പൈപ്പ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് 2018-19 ൽ നടപ്പാക്കിയത്. പ്രോജക്ട് പൂർത്തീകരണ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല ( 27/22-01-20). പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. കിഴതടിയൂർ ജലവിതരണ പ്രോജക്ട്

| | |
|---|---|
| പ്രോജക്ട് നം. | 181/19 |
| ചെലവ് | 400000 (13-ാം ധനകാര്യ കമ്മീഷൻ ) |
| ബിൽ നം | 136/26-03-19 |

വാർഡ് 7 ലെ 150 കുടുംബങ്ങൾക്കുള്ള കുടിവെള്ള പ്രോജക്ടിനായി വാട്ടർ അതോറിറ്റി മുഖേന ഡിപ്പോസിറ്റ് വർക്ക് ആയാണ് പ്രോജക്ട് വിഭാവനം ചെയ്തത്. തുടർന്ന് കുഴൽ കിണർ നിർമ്മിച്ച്, ടാങ്ക്, പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന വിധം പ്രോജക്ടിൽ മാറ്റം വരുത്തുകയും, തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനു കൈമാറുകയും ചെയ്തു. ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ഫയലിൽ ചേർത്തിട്ടില്ല.

1. പ്രോജക്ട് ഭേദഗതി വരുത്തി ഡിപിസി അംഗീകാരം ലഭ്യമായ വിവരം.

2. പ്രവൃത്തി നടത്തേണ്ട സൈറ്റിന്റെ വിശദാംശങ്ങൾ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനു കൈമാറിയതിന്റെ വിവരം.

3. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരം.

4. പ്രവൃത്തി പൂർത്തീകരണ വിവരം, നിലവിലെ അവസ്ഥ.

വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല (27/22-01-20). വിവരങ്ങളുടെ അഭാവത്തിൽ 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-46 കോളനികളുടെ സമഗ്ര വികസനം - തനത് ഫണ്ടിൽ

## സൂക്ഷിച്ചിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

| പ്രോജക്റ്റ് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| 272/19 | മുനിസിപ്പൽ എൻജിനീയർ | 945103<br>(13-ം ധനകാര്യ കമ്മിഷൻ ഗ്രാന്റ് ) | 371208 |

പ്രോജക്റ്റ് പ്രകാരം പരുമലക്കുന്ന്, നെല്ലിത്താനം, ജനതാ കോളനി എന്നിവിടങ്ങളിലെ വീടുകളുടെ മേൽക്കൂര മാറ്റുക, ടോയ്‌ലറ്റ് മെയിന്റനൻസ്, ഡോർ ഷട്ടർ, വിൻഡോ ഷട്ടർ എന്നിവ മാറ്റി വയ്ക്കുക, പ്ളാസ്റ്ററിംഗ് തുടങ്ങിയ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്.

പ്രസ്തുത പ്രോജക്റ്റിന്റെ ബിൽ തയ്യാറാക്കിയപ്പോൾ (ബിൽ നം. 12/7.12.18) പി.വി.സി ഡോറിന്റെ വിലയിനത്തിൽ അധികം നല്കിയ 17,402/- രൂപ ബില്ലിൽ നിന്നും കുറവ് ചെയ്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ടി തുക സർക്കാരിലേക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-47 സ്ട്രീറ്റ് ലൈറ്റ് ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് - സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം വ്യക്തമല്ല.

നഗരസഭാപരിധിയിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ (സി.എഫ്.എൽ., സോഡിയം വേപ്പർ, മെറ്റൽ ഹാലിഡ് ലൈറ്റുകൾ) ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് ഇനത്തിൽ 2018-19 വർഷം തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. രാജു എം.എസ്. എന്നയാളുമായുള്ള മുൻ വർഷത്തെ കരാർ കാലാവധി അവസാനിച്ചതിനാൽ തൻവ്രഷം ക്വട്ടേഷൻ ക്ഷണിച്ച് ചുവടെ ചേർക്കും പ്രകാരം ടിയാനുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

1) കരാർ നം.4/21.08.2018 (ഫയൽ നം.പി.ഡബ്ല്യു 3-9304/18) - 2496 സി.എഫ്.എൽ ലാമ്പുകൾ സെറ്റൊന്നിന് മെറ്റീരിയൽസ് വിലയും ലേബർ ചാർജും ഉൾപ്പെടെ 420/-*ജി.എസ്.ടി 12% എന്ന നിരക്കിൽ 21.08.2018 മുതൽ 20.08.2019 വരെ കരാറിലേർപ്പെട്ടു.

2) കരാർ നം. 1/18-19, തീയതി 20.12.2018 - പാരലൽ റോഡിൽ സ്ഥാപിച്ചിട്ടുള്ള 54 മെറ്റൽ ഹാലിഡ് ലൈറ്റുകൾ സെറ്റൊന്നിന് മെറ്റീരിയൽസ് വിലയും ലേബർ ചാർജും ഉൾപ്പെടെ 3200/-*ജി.എസ്.ടി 12% എന്ന നിരക്കിൽ 20.12.2018 മുതൽ 19.12.2019 വരെ കരാറിലേർപ്പെട്ടു.

3) കരാർ നം. 5/18-19 തീയതി 21.08.2018 – നഗരസഭയിൽ സ്ഥാപിച്ചിട്ടുള്ള 464 സോഡിയം വേപ്പർ ലാമ്പുകൾ സെറ്റൊന്നിന് മെറ്റീരിയൽസ് വിലയും ലേബർ ചാർജും ഉൾപ്പെടെ 2400/-*ജി.എസ്.ടി 12% എന്ന നിരക്കിൽ 21.08.2018 മുതൽ 20.08.2019 വരെ കരാറിലേർപ്പെട്ടു. മേൽപ്പറഞ്ഞ കരാറുകളിലെ ഒരു വ്യവസ്ഥ എന്നത് നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള പരാതി പുസ്തകത്തിലെ വിവരങ്ങൾ പരിശോധിച്ച് അതാതു ദിവസം പ്രസ്തുത ലാമ്പുകൾ റിപ്പയർ ചെയ്ത് പ്രവർത്തിപ്പിക്കേണ്ടതാണെന്നാണ്. 2496 സി.എഫ്.എൽ. ലാമ്പുകൾ, 54 മെറ്റൽ ഹാലിഡ് ലൈറ്റുകൾ, 464 സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കുന്നതിനാശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 63) മറുപടി ലഭ്യമാക്കിയിട്ടില്ല. എ.എം.സി കരാർ പ്രകാരം തുക നൽകുന്നത് ലാമ്പുകളുടെ എണ്ണവുമായി ബന്ധപ്പെട്ടാകയാൽ നഗരസഭാ പരിധിയിലുള്ള എല്ലാ സ്ട്രീറ്റ് ലൈറ്റുകളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

നഗരസഭയിലെ 28/1.19-ാം നം. വൗച്ചർ പ്രകാരം 13111/- രൂപ (ചെക്ക് നം. 608015/7.1.19) ജൂബിലി പെരുന്നാളിനോടനുബന്ധിച്ച് സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്തതിന് ഹൈ ലൈറ്റ് എന്റർപ്രൈസസ്, കോട്ടയത്തിന് നൽകിയിട്ടുണ്ട്. നഗരസഭയിലെ വിവിധ തരത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എ.എം.സി. മേൽപ്പറഞ്ഞ പ്രകാരം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇപ്രകാരമൊരു ചെലവിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 64) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദവിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-48 പൂതക്കുന്ന് കുടിവെള്ളപദ്ധതി - നിലവിലെ പ്രോജക്ട് ഫലപ്രാപ്തിക്ക് ഉതകുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | പൂതക്കുന്ന് കുടിവെള്ള പദ്ധതി<br>202 /19 |
| നിർവഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എൻജിനീയർ |
| അടങ്കൽ (13-ാം ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 10,00,000/- |
| ചെലവ് | 10,00,000 (ബിൽ നം. 15 /30.1.19 ) |

2018-19 വർഷം പൂതക്കുന്ന് കുടിവെള്ള പദ്ധതിക്കായി പ്രോജക്ട് ആസൂത്രണം ചെയ്ത് 10,00,000/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. 2019-20 വർഷം 10 ലക്ഷം രൂപ കൂടി ടി പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കൂടാതെ നിക്ഷേപിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. 13-ാം വാർഷികപദ്ധതി മാർഗ്ഗരേഖ പ്രകാരം നിർമ്മാണ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പദ്ധതി പൂർത്തീകരിക്കുവാൻ ഏതൊക്കെ ഇനം പ്രവൃത്തികൾ ആവശ്യമുണ്ടോ അതെല്ലാം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നും ഫണ്ടിന്റെ അപര്യാപ്തതയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഉൾപ്പെടുത്താമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ പൂതക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ ഇനങ്ങൾ പ്രോജക്ടിലുൾപ്പെടുത്തിയിരുന്നില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. കിണർ നിർമ്മാണത്തിനു മാത്രമായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ടാങ്ക് നിർമ്മാണം പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, വിതരണ ലൈനുകൾ, മോട്ടോർ സ്ഥാപിക്കൽ എന്നീ ഇനങ്ങൾ ഒന്നും ഉൾപ്പെടുത്താതെയാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. പൂർത്തീകരണ ഘട്ടത്തിലേക്കെത്തുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയതി 29-01-2018 7.1(ബി) പ്രകാരം എല്ലാ കുടിവെള്ള പദ്ധതികൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിലുൾപ്പെടുത്തണമെന്നതും പാലിച്ചിരുന്നില്ല.

തുടർ വർഷങ്ങളിൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി നടപടികൾ ഉണ്ടാവേണ്ടതുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുകയായ 10,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-49 മരാമത്ത് പ്രവൃത്തികൾ - ജി.എസ്.ടി. കണക്കാക്കിയതിലെ അപാകത.

മരാമത്ത് പ്രവൃത്തികളിൽ ബിൽ തയ്യാറാക്കിയ വേളയിൽ ആകെ വേലമൂല്യത്തിൽ നിന്നും ഐ.റ്റി., നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ കുറവ് ചെയ്തതിനു ശേഷം 12% ജി.എസ്.ടി.യും കുറവ് ചെയ്ത ശേഷം ടി തുകയുടെ രണ്ട് ശതമാനവുമാണ് ജി.എസ്.ടി. ഈടാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ ജി.എസ്.ടി.ക്കുള്ള പ്രൊവിഷൻ വകയിരുത്തിയിട്ടില്ല. ഇപ്രകാരം 12% ജി.എസ്.ടി. കുറവ് ചെയ്ത ശേഷം 2% ജി.എസ്.ടി. കണക്കാക്കിയത് മൂലം ജി.എസ്.ടി. ഇനത്തിൽ ഈടാക്കിയ തുകയിൽ കുറവ് വന്നിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | 118/19,<br>പി.കെ റോഡ് പുനരുദ്ധാരണം | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|
| എം.ബുക്ക് നം. | 146/18-19 | |
| ആകെ വേലമൂല്യം | 347112.9 | |
| ടെൻഡർ വ്യതിയാനം | 35 | |
| | 347078 | 347078 |
| ഐ.റ്റി | 3471 | 3471 |
| നിർമ്മാണതൊഴിലാളിക്ഷേമനിധി വിഹിതം | 3471 | 3471 |
| | | |

| | | |
|---|---|---|
| | 340136 | -- |
| ജി.എസ്.ടി 12% കുറയ്ക്കുക | 40816 | -- |
| | 299320 | |
| എസ്.ജി.എസ്.ടി | 2993 | 3471 |
| സി.ജി.എസ്.ടി | 2993 | 3471 |
| കോൺട്രാക്ടർക്കുള്ള തുക | 334150 | 333194 |

ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മരാമത്ത് പ്രവൃത്തികളിൽ ജി.എസ്.ടി. ഇപ്രകാരം കണക്കാക്കിയതുമൂലം കുറവ് വരുകയും കരാറുകാരന് അധിക തുക (956/- രൂപ) നൽകുകയും ചെയ്തു. അപാകത പരിഹരിക്കേണ്ടതും കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം നികത്തേണ്ടതുമാണ്.

# 1-50 HDPE പൈപ്പ് ലൈൻ സ്ഥാപിക്കൽ - മാർക്കറ്റ് നിരക്ക് നിർണ്ണയത്തിൽ അപാകത.

മുരിക്കുംപുഴ കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 183/19 |
| ചെലവ് | 9,11,810<br>(13-ാം ധനകാര്യ കമ്മീഷൻ ) |
| ബിൽ നം. | 132/26-03-19 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മുരിക്കുംപുഴ കുടിവെള്ള പദ്ധതിയിൽ കിണർ നിർമ്മാണം, സിമന്റ് വാട്ടർ ടാങ്ക്, HDPE പൈപ്പ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് 2018-19 ൽ പൂർത്തിയാക്കിയത്. 440 മീറ്റർ നീളമുള്ള 75മി.മി HDPE പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി ഇതിൽ ഉൾപ്പെട്ടിരുന്നു. അളവു പുസ്തക പ്രകാരം (എംബുക്ക് നം.79/18-19) 440 മീ.നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനായി 569.42 നിരക്കിൽ 250544.80 രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള മാർക്കറ്റ് നിരക്ക് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരമാണ് പൈപ്പ് ലൈനിന് 569.42 രൂപ നിശ്ചയിച്ചിട്ടുള്ളത്.

19-1-2017ലെ ചീഫ് എഞ്ചിനീയറുടെ CE/Admin/IT/Price/16-17 സർക്കുലർ പ്രകാരം PWD കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓരോ പാദവർഷത്തേക്കും ലോക്കൽ മാർക്കറ്റ് റേറ്റ് തയ്യാറാക്കി പ്രൈസ് സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ കാലയളവിൽ 75മി.മീ HDPE പൈപ്പിന് ഇത്തരത്തിൽ ലോക്കൽ മാർക്കറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പൊതുമാർക്കറ്റിൽ നിന്നും ക്വട്ടേഷൻ വിളിച്ച് ലഭിക്കുന്നതിൽ കുറഞ്ഞ നിരക്ക് മാർക്കറ്റ് വിലയായി കണക്കാക്കി ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കുകയായിരുന്നു വേണ്ടത്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെ 318/- രൂപ മീറ്ററിന് എന്ന നിരക്ക് നിശ്ചയിച്ച് പ്രവൃത്തി നടപ്പാക്കിയതിനാൽ 569.42 എന്ന ഉയർന്ന നിരക്കിൽ പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തി നടത്തി. പൈപ്പ് വില ഇപ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. (1-7-18 മുതൽ 30-09-2018 വരെയുള്ള കാലയളവിൽ ലോക്കൽ മാർക്കറ്റ് നിരക്ക് 253/- രൂപ മാത്രമാണ്). സമീപ നഗരസഭയായ ഈരാറ്റുപേട്ടയിൽ 430.21 രൂപ മാത്രമാണ് ഇക്കാലയളവിൽ ഇതേ പ്രവൃത്തിയ്ക്കായി കണക്കാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറിയ്ക്ക് (59/24-01-2020) മറുപടി നൽകിയില്ല. പൊതുമരാമത്ത് ചട്ടങ്ങളും സർക്കുലറുകളും പാലിച്ച് മാർക്കറ്റ് നിരക്ക് നിർണ്ണയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-51 ക്ലീൻ പാലാ രണ്ടാം ഘട്ടം - പ്രോജക്ട് നിർവ്വഹണം ഫലപ്രദമല്ല

ഫയൽ നം. എച്ച് 2-460/19

പ്രോജക്ട് നം. 34/19

ചെലവ് – 4,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണം – ഹെൽത്ത് സൂപ്പർവൈസർ

ഹരിതകേരളമിഷന്റെ ഭാഗമായി നഗരസഭയിൽ രൂപീകരിക്കപ്പെട്ട ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി കാനറാബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് 4,00,000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വീടുകളിൽ പോയി പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് വേതനമിനത്തിൽ നൽകിയ 45,925/- രൂപ മാത്രമാണ് 2018-19 വർഷത്തെ ചെലവ്. പ്രോജക്ട് നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

നഗരസഭാ കൗൺസിലിന്റെ 7.11.18ലെ 1-ാം നം. തീരുമാനപ്രകാരം ഹരിതകർമ്മസേനയെ മോണിട്ടർ ചെയ്യുന്നതിന് ഹെൽത്ത് സൂപ്പർവൈസറെയും മേൽനോട്ടത്തിന് ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.ഹെൽത്ത് വിഭാഗത്തിലെ ഉദ്യോഗസ്ഥർ മസ്റ്റർറോളും ബില്ലുകളും തയ്യാറാക്കി സമർപ്പിക്കുന്നതിൽ മതിയായ ശ്രദ്ധ ചെലുത്തുന്നില്ലെന്ന് ഫയൽ പരിശോധനയിൽ മനസ്സിലാകുന്നു. ഹരിതകർമ്മസേനാംഗങ്ങളുടെ ഹാൻഡ്ബുക്കും മസ്റ്റർറോളും പൊരുത്തപ്പെടാതെ വരികയും തൊഴിലുറപ്പ് ജോലിയ്ക്ക് ഹാജരായ ദിവസങ്ങളിൽ മസ്റ്റർറോളിൽ ഹാജർ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപാകതകൾ പരിഹരിച്ചിട്ടുണ്ടെങ്കിലും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്ലാസ്റ്റിക്ക് ശേഖരണം – തുടർപ്രവർത്തനത്തിന് പരിമിതികൾ

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം സൂക്ഷിക്കുന്നതിനും തരംതിരിക്കുന്നതിനും ഷ്രെഡ്ഡിംഗ് നടത്തുന്നതിനും നഗരസഭയ്ക്ക് സംവിധാനങ്ങളില്ല. മെറ്റീരിയിൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിച്ചിട്ടില്ല. 2017-18 വർഷം പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെ സ്ഥാപിച്ചിട്ടില്ല. ഹരിതകർമ്മസേന ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യം നഗരസഭാ സ്റ്റേഡിയത്തോടു ചേർന്നുള്ള തുറന്ന പ്രദേശത്ത് കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ശുചിത്വമിഷനിൽ നിന്ന് 2005 വർഷം ലഭിച്ച 1,49,97,543 രൂപ (നിലവിൽ പലിശയുൾപ്പടെ 1,94,14,533 രൂപ ) വിനിയോഗിക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണത്തിന്റെ അഭാവം മൂലം ഒന്നാം ഗ്രേഡ് നഗരസഭയ്ക്ക് ശാസ്ത്രീയമായ മാലിന്യസംസ്കരണസംവിധാനം ഉണ്ടാക്കിയെടുക്കാൻ സാധിക്കാത്ത സാഹചര്യം ഭരണസമിതിയുടെയും ആരോഗ്യകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-52 അങ്കണവാടി പോഷകാഹാരവിതരണം - സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പിലെ ക്രമക്കേടുകൾ.

ആകെ 5 കുട്ടികൾ മാത്രമുള്ള 103-ാം നം. മൂന്നാനി അങ്കണവാടിയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ തികച്ചും അലക്ഷ്യമായും നിരുത്തരവാദപരമായും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. അങ്കണവാടി പോഷകാഹാരത്തിനായി വരവു വന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കാതെയും പ്രതിദിന ചെലവുകൾ രേഖപ്പെടുത്താതെയും തെറ്റായി കണക്കുകൾ രേഖപ്പെടുത്തി നീക്കിയിരുപ്പ് കണക്കാക്കിയാണ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)30.4.18 ൽ വരവു വന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

| | അളവ് | വില/കി.ഗ്രാം |
|---|---|---|
| പയർ | 25 കി.ഗ്രാം | 69 |

| | | |
|---|---|---|
| പയർപരിപ്പ് | 5 കി.ഗ്രാം | 63 |
| എണ്ണ | 5 കി.ഗ്രാം | 207 |
| ശർക്കര | 20 കി.ഗ്രാം | 81.4 |
| ഗോതമ്പ് | 15 കി.ഗ്രാം | 49.59 |
| ഉഴുന്നുപരിപ്പ് | 5 കി.ഗ്രാം | 63 |
| എള്ളുണ്ട | 250 എണ്ണം | 3.192 |
| കപ്പലണ്ടി മിഠായി | 250എണ്ണം | 5.626 |

2)മേയ് 2018 ൽ സ്റ്റോക്കിൽ വന്ന സാധനങ്ങളാണ് ഏപ്രിലിലെ സ്റ്റോക്കിൽ ചേർത്തിട്ടുള്ളത്

3)മേയ് 2018 ലെ സ്റ്റോക്ക് രജിസ്റ്റർ എഴുതിയിട്ടില്ല.

4)സെപ്റ്റംബർ 2018 ലെ സ്റ്റോക്ക് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.

5)16.12.18 ൽ വരവു വന്ന 20കി.ഗ്രാം പയർ ,20 കി.ഗ്രാം ശർക്കര എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല.

6)11.3.19ൽ വരവു വന്ന 5കി.ഗ്രാം പായസപരിപ്പ് സ്റ്റോക്കിലെടുത്തിട്ടില്ല.

7) നിലവിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഡിസംബർ 2019 ലെ സ്റ്റോക്ക് 22.12.19 വരെ മാത്രം എഴുതിയിട്ടുള്ളതായും, ജനവരി 2019 ലെ സ്റ്റോക്ക് കുറച്ചു മാത്രം എഴുതിയതായും കാണുന്നു.

8) 17.12.19 ൽ സ്റ്റോക്ക് വന്ന സാധനങ്ങൾ 5.12.19 ൽ സ്റ്റോക്കിൽ ചേർത്തതായി കാണുന്നു.
9)ജൂലൈ 2019 നു ശേഷം 2013-14 ലെ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

മേൽ അപാകതകൾ സംബന്ധിച്ച് അങ്കണവാടി വർക്കറോട് നേരിട്ട് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി എഴുതി കാണിക്കാം എന്ന മറുപടിയാണ് ലഭിച്ചത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം നിരുത്തരവാദപരമായ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ കൈകാര്യം ചെയ്യുന്നതുമൂലം ക്രമക്കേടുകൾ നടന്നിട്ടുണ്ടോ എന്നത് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിനാൽ തുടർ പരിശോധനകൾ അങ്കണവാടി ലെവൽ മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റിയുടെ (ALMSC) നേതൃത്വത്തിൽ നടത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 1-53 അങ്കണവാടി പ്രവർത്തകർക്ക് ഓണറേറിയം - അധികം തുക അടവാക്കി

| | |
|---|---|
| പ്രോജക്ട് നം. | 48/19<br>അങ്കണവാടി പ്രവർത്തകർക്ക് അധിക ഓണറേറിയം |
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ<br>(വികസന ഫണ്ട് -ജനറൽ) | 1147500/- |
| അടങ്കൽ<br>(വികസന ഫണ്ട് -ജനറൽ) | 1147500/- |
| ചെലവ് | 600000 (ബിൽ നം. 3/29.9.18)<br>547500 (ബിൽ നം. 9/14.2.19) |

അങ്കണവാടി പ്രവർത്തകർക്ക് അധിക ഓണറേറിയം എന്ന പ്രോജക്ട് പ്രകാരം മുനിസിപ്പാലിറ്റിയിലെ 25 അങ്കണവാടികളിലെ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും 6 മാസത്തെ ഓണറേറിയം ഇനത്തിൽ 6,00,000/- രൂപ 2235-02-102-05 എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 6 മാസത്തേക്ക് ഓണറേറിയം

ഇനത്തിൽ അടവാക്കേണ്ടിയിരുന്ന തുക 5,47,500/- രൂപ (സ.ഉ.(സാ.ധാ) നം.6345/18/ധന തീ. 25.7.18പ്രകാരം ) മാത്രമാണ്. (2200x25x6 + 1450x25x6) ഓണറേറിയം ഇനത്തിൽ ഇപ്രകാരം അധികമായി 52,500/- രൂപ അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികമായി ഒടുക്കിയ തുക തുടർന്നുള്ള വർഷത്തിൽ ഒടുക്കുവാനുള്ള തുകയിൽ ക്രമീകരിക്കുന്നതാണെന്ന് മറുപടി നല്കി. തുക ക്രമീകരിച്ച് വിവരം അറിയിക്കുന്നതു വരെ ഈ ഇനത്തിൽ അധികം ചെലവഴിച്ച 52,500/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-54 ജാഗ്രതാ സമിതി - സർക്കാർ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് ചെലവുകൾ.

| | |
|---|---|
| പ്രോജക്ട് നം. | 49 /19<br>നിർഭയ ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ |
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ (വികസന ഫണ്ട് -ജനറൽ) | 50000/- |
| ചെലവ് | 50000 (ബിൽ നം. 11 /19.3.19 ) |

16.3.19 ൽ ജാഗ്രതാ സമിതിക്കു വേണ്ടി ഒരു അഡ്വക്കേറ്റ് മുഖേന ക്ലാസുകൾ എടുത്തതായും ചുവടെ ചേർക്കും പ്രകാരം തുകകൾ ചെലവഴിച്ചതായും കാണുന്നു.

| | |
|---|---|
| പ്ളാസ്റ്റിക് ഫയൽ, പേപ്പർ, പേന എന്നിവ വാങ്ങിയതിന് സിൻസിയർ പബ്ലിക്കേഷൻ & ബുക്ക് ഹൗസിന് നല്കിയ തുക | 10125 |
| ഭക്ഷണചെലവ് | 37875 |
| ക്ളാസുകൾ എടുത്ത വക്കീലിന് നല്കിയത് | 1000 |
| ബാനർ | 1000 |
| ആകെ | 50000 |

പ്രസ്തുത ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെ സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും മാനസികാരോഗ്യത്തിന് സഹായകരമായ വിധത്തിൽ ജെന്റർ ഡെസ്കുകൾ സ്ഥാപിക്കുവാനും സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടും സ്ത്രീ സാമൂഹ്യപദവി ഉയർത്തുന്നതിന് സഹായകവുമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുവാനും നിർദ്ദേശിക്കുന്നു. എന്നാൽ നഗരസഭയിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് ഒരു ദിവസം ക്ലാസ് എടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ ദിവസം തന്നെ വകയിരുത്തിയ 50000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടുതൽ തുകയും ചെലവഴിച്ചിരിക്കുന്നത് ഭക്ഷണത്തിനാണ്. സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെ ഇപ്രകാരം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വരും വർഷങ്ങളിൽ അപാകത പരിഹരിച്ച് പ്രോജക്ട് ആസൂത്രണം ചെയ്യാമെന്ന് മറുപടി നല്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-55 എ ബി സി പ്രോഗ്രാം - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം. 206/19

ഫയൽ നം. എച്ച്3-7031/18

ചെലവ് - 3,00,000/- (ബിൽ നം.3/3.9.18)

ഹെൽത്ത് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ട് പ്രകാരം നഗരസഭയിലെ 26 വാർഡുകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കണ്ടെത്തി വന്ധീകരണം നടത്തുന്നതിന് ഒരു നായയ്ക്ക് 2100/- രൂപ നിരക്കിൽ മുൻകൂറായി

കുടുംബശ്രീ ജില്ലാമിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗവിവരം ലഭിച്ചിട്ടില്ല. ആയതിനാൽ 3,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-56 അവധി വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

നഗരകാര്യഡയറക്ടറുടെ 22.11.2017 തീയതിയിലെ ബി1-14530-ാം നം കത്ത് പ്രകാരം ശ്രീമതി ഷബാന പി.എസ്.നെ ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടികൾ തുടരുമെന്ന വ്യവസ്ഥയിൽ നഗരസഭയിൽ എൽ.ഡി.സി/ ബി.സി തസ്തികയിൽ 11.01.2018 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിപ്പിക്കുകയും നഗരസഭാ സെക്രട്ടറിയുടെ 19.07.2018 ലെ ജി-1/1376/18-ാം നം. കത്ത് പ്രകാരം ടിയാൾക്ക് 23.07.2018 മുതൽ 04.09.2018 വരെ 44 ദിവസത്തേക്ക് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുകയില്ലെന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭാ സെക്രട്ടറിയുടെ 31.12.2018 ലെ ജി1.1376/18-ാം നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി ഷബാന പി.എസ്.ന് 12/09/2018, 15/10/2018, 21.11.2018, 23.11.2018, 26.11.2018, 01.12.2018, 10.12.2018, 14.12.2018, 17.12.2018, 29.12.2018 എന്നീ തീയതികളിലും ശൂന്യവേതനാവധി അനുവദിച്ചിട്ടുണ്ട്.

ടിയാരിയുടെ സേവനപുസ്തകം നഗരസഭയിൽ ലഭ്യമാകുന്ന മുറയ്ക്ക് അവധി സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്ന് മേൽപ്പറഞ്ഞ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.57) മറുപടിയിൽ ടിയാളുടെ അച്ചടക്കനടപടികൾ പൂർത്തീരിച്ച് സേവനപുസ്തകം നാളിതുവരെ നഗരസഭയിൽ ലഭ്യമായിട്ടില്ലെന്നറിയിച്ചിട്ടുണ്ട്. സേവനപുസ്തകം ലഭ്യമാകുന്ന മുറയ്ക്ക് അവധി വിവരങ്ങൾ രേഖപ്പെടുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-57 പി എം എ വൈ - ലൈഫ് മിഷൻ - അവലോകനം

സർക്കാർ ഉത്തരവ് (സാധാ) നം. 1804/2018/തസ്വഭവ തീയതി 2.7.18പ്രകാരം പി എം എ വൈ പദ്ധതി, പി എം എ വൈ ലൈഫ് മിഷൻ എന്ന പേരിൽ പുന:നാമകരണം ചെയ്തിട്ടുണ്ട്. ആയതിനാൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിനുള്ള നഗരസഭാവിഹിതം പി എം എ വൈ യുടെ ICICI ബാങ്കിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്.

<u>**ലൈഫ് മിഷൻ പദ്ധതി(എസ് സി)**</u>

ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കളായ കാർത്ത്യായനി കുട്ടപ്പൻ, മുത്തു, കാർത്ത്യായനി രവീന്ദ്രൻ എന്നിവർക്ക് നൽകേണ്ട നഗരസഭാവിഹിതം 6,00,000/- രൂപ വികസനഫണ്ടിൽ നിന്ന് പി എം എ വൈ ലൈഫ് മിഷൻ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. നഗരസഭാവിഹിതം 2,00,000/- രൂപയും സംസ്ഥാനാവിഷ്കൃതഫണ്ട് 2,00,000/- രൂപയും ഉൾപ്പടെ ആകെ 4,00,000/- രൂപയാണ് ഗുണഭോക്താവിന് അനുവദിക്കുന്നത്.

<u>**ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**</u>

മേല്പറഞ്ഞ ഗുണഭോക്താക്കളിൽ കാർത്ത്യായനി രവീന്ദ്രൻ, ചക്കാംകുന്നേൽ താഴെപ്പറയുംപ്രകാരം 3,60,000/-രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും അവസാനഗഡു കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

തുക കൈപ്പറ്റിയ തീയതി

ഒന്നാം ഗഡു – 40,000/- 3.9.18

രണ്ടാം ഗഡു -1,60,000/- 2.11.18

മൂന്നാം ഗഡു -1,60,000/- 3.12.18

നാലാം ഗഡു - 40,000/- കൈപ്പറ്റിയിട്ടില്ല

ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>പി എം എ വൈ പദ്ധതി</u>**

നഗരസഭയുമായി കരാറിലേർപ്പെട്ട് വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചു വരുന്ന പൊതുവിഭാഗത്തിൽപ്പെട്ട 150 ഗുണഭോക്താക്കൾക്ക് നഗരസഭാവിഹിതം നൽകുന്നതിനു വേണ്ടി 2018-19 വർഷം പ്രോജക്ട് നം.8/19 പ്രകാരം വികസനഫണ്ടിൽ നിന്ന് 66,30,000/- രൂപ പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തൻവർഷം ഹഡ്കോയിൽ നിന്ന് വായ്പയിനത്തിൽ 40,00,000/- രൂപ ലഭിച്ചിട്ടുണ്ട്. പി എം എ വൈ വിഹിതമായി 76,80,000/- രൂപയും ലഭിച്ചിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇതിൽ 20പേർ വിവിധ ഘട്ടങ്ങളിലായി 3 ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും അവസാനഗഡു കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/തീയതി |
|---|---|
| കൗസകുമാരി, കരിമ്പതിക്കൽ | ഒന്നാം ഗഡു - 40,000/- 15.12.18<br>രണ്ടാം ഗഡു - 1,60,000/- 21.2.19<br>മൂന്നാം ഗഡു - 1,60,000/- 30.3019 |
| ഭാർഗ്ഗവി ശങ്കരൻകുട്ടി, വേലിക്കകത്ത് | ഒന്നാം ഗഡു - 40,000/- 27.9.18<br>രണ്ടാം ഗഡു - 1,60,000/- 30.3.19<br>മൂന്നാം ഗഡു - 1,60,000/- 28.5.19 |
| പ്രേമ രാധാകൃഷ്ണൻ, ആര്യപ്പാറയിൽ | ഒന്നാം ഗഡു - 40,000/- 23.6.18<br>രണ്ടാം ഗഡു - 1,60,000/- 25.10.18<br>മൂന്നാം ഗഡു - 1,60,000/- 7.12.18 |
| മായമോൾ വി.വി., കുന്നിന് | ഒന്നാം ഗഡു - 40,000/- 5.7.18<br>രണ്ടാം ഗഡു - 1,60,000/- 12.10.18<br>മൂന്നാം ഗഡു - 1,60,000/- 15.12.18 |
| ഗ്രേസി ജോർജ് , മണർകാട് | ഒന്നാം ഗഡു - 40,000/- 5.9.18<br>രണ്ടാം ഗഡു - 1,60,000/- 19.9.18<br>മൂന്നാം ഗഡു - 1,60,000/- 12.10.18 |
| ഏലിക്കുട്ടി സെബാസ്റ്റ്യൻ<br>ചാമക്കാലായിൽ | ഒന്നാം ഗഡു - 40,000/- 3.8.18<br>രണ്ടാം ഗഡു - 1,60,000/- 26.2.19<br>മൂന്നാം ഗഡു - 1,60,000/- 30.3.19 |
| രാജമ്മ വി., തെക്കേ നെല്ലിയാനി | ഒന്നാം ഗഡു - 40,000/- 23.6.19<br>രണ്ടാം ഗഡു - 1,60,000/- 30.10.18<br>മൂന്നാം ഗഡു - 1,60,000/- 7.12.18 |
| മീനാക്ഷി വർക്കി, ആനിമൂട്ടിൽ | ഒന്നാം ഗഡു - 40,000/- 16.11.18<br>രണ്ടാം ഗഡു - 1,60,000/- 8.5.19<br>മൂന്നാം ഗഡു - 1,60,000/- 20.9.19 |
| ജോർജ് ജോസഫ് , നെടുംപാലയ്ക്കൽ | ഒന്നാം ഗഡു - 40,000/- 21.2.19 |

| | |
|---|---|
| | രണ്ടാം ഗഡു - 1,60,000/- 30.3.19<br>മൂന്നാം ഗഡു - 1,60,000/- 8.5.19 |
| കോമളം എം. വി., കല്ലേപ്പള്ളിൽ | ഒന്നാം ഗഡു - 40,000/- 23.6.18<br>രണ്ടാം ഗഡു - 1,60,000/- 27.9.18<br>മൂന്നാം ഗഡു - 1,60,000/- 12.10.18 |
| സുധീഷ് കെ. എസ്., കോട്ടയിൽ | ഒന്നാം ഗഡു - 40,000/- 23.6.18<br>രണ്ടാം ഗഡു - 1,60,000/- 12.10.18<br>മൂന്നാം ഗഡു - 1,60,000/- 15.12.18 |
| കെ എം തോമസ്, പുല്ലാട്ടുപറമ്പിൽ | ഒന്നാം ഗഡു - 40,000/- 31.8.18<br>രണ്ടാം ഗഡു - 1,60,000/- 3.12.18<br>മൂന്നാം ഗഡു - 1,60,000/- 19.2.19 |
| ബിന്ദു മനോജ് | ഒന്നാം ഗഡു - 40,000/- 16.11.18<br>രണ്ടാം ഗഡു - 1,60,000/- 20.12.18<br>മൂന്നാം ഗഡു - 1,60,000/- 19.2.19 |
| പെണ്ണമ്മ പത്രോസ്, ഓടയ്ക്കൽ | ഒന്നാം ഗഡു - 40,000/- 16.11.18<br>രണ്ടാം ഗഡു - 1,60,000/- 27.2.19<br>മൂന്നാം ഗഡു - 1,60,000/- 26.3.19 |
| മീന വിൻസെന്റ്, കരുവേലിൽ | ഒന്നാം ഗഡു - 40,000/- 16.11.18<br>രണ്ടാം ഗഡു - 1,60,000/- 17.1.19<br>മൂന്നാം ഗഡു - 1,60,000/- 18.3.19 |
| ശാന്ത ടി കെ | ഒന്നാം ഗഡു - 40,000/- 16.11.18<br>രണ്ടാം ഗഡു - 1,60,000/- 28.5.19<br>മൂന്നാം ഗഡു - 1,60,000/- 8.8.19 |
| അന്നമ്മ ദേവസ്യ, പുത്തൻപള്ളിക്കുന്ന് | ഒന്നാം ഗഡു - 40,000/- 15.12.18<br>രണ്ടാം ഗഡു - 1,60,000/- 18.3.19<br>മൂന്നാം ഗഡു - 1,60,000/- 29.719 |

മേല്പറഞ്ഞ ഗുണഭോക്താക്കൾ അവസാനഗഡു കൈപ്പറ്റി ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഒന്നാം ഗഡു മാത്രം കൈപ്പറ്റി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല</u>

റൂബി ഷാജി, കണ്ണൻതറയിൽ എന്ന ഗുണഭോക്താവ് 21.2.19ൽ ഒന്നാം ഗഡു 40,000/- രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. മറ്റു മൂന്നു ഗഡുക്കൾ കൂടി കൈപ്പറ്റി അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം ആദ്യഗഡുവായി കൈപ്പറ്റിയ 40,000/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-58 സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക് തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ പ്രകാരം പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ഓരോ നഗരസഭ ജീവനക്കാരുടെയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് വരവ് വയ്ക്കേണ്ടതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 8(1) അനുസരിച്ച് എല്ലാ മാസവും 15-ാം തീയതിയ്ക്കകം പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. 2018-19 വർഷം പണമാക്കിയ ബില്ലുകൾ പ്രകാരം നഗരസഭ ഫണ്ടിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഓരോ മാസവും അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| മാസം | അടവാക്കേണ്ട തുക | സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കിയതിന്റെ വിവരം |
|---|---|---|
| 04/18 | 222296 | ചെക്ക് നം.1209510തീ.07/05/2018 |
| 05/18 | 213150 | ചെക്ക് നം.1209512 തീ. 08/06 /18 |
| 06/18 | 202511 | ചെക്ക് നം.1209514 തീ. 5/7 /2018 |
| 07/18 | 184722 | ചെക്ക് നം.1209521 തീ. 13/8 /2018 |
| 08/18 | 168341 | ചെക്ക് നം.1209528 തീ. 5/9 /2018 |
| 09/18 | 246343 | ചെക്ക് നം.1209530 തീ. 5/10 /2018 |
| 10/18 | 209571 | ചെക്ക് നം.1209536 തീ. 5/11 /2018 |
| 11/18 | 219721 | ചെക്ക് നം.1209543 തീ. 11/12 /2018 |
| 12/18 | 215718 | ചെക്ക് നം.1209547 തീ. 15/1 /2019 |
| 01/19 | 246339 | ചെക്ക് നം.1209552 തീ. 7/2 /2019 |
| 02/19 | 211513 | ചെക്ക് നം.1209564 തീ. 14/3/2019 |
| 03/19 | 210188 | ചെക്ക് നം.1209567 തീ. 4/4 /2019 |
| ആകെ | 2550413 | |

2018-19 വർഷം നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ 31,44,655/- രൂപ ലഭിച്ചിട്ടുണ്ട്. പെൻഷൻ അലോട്ട്മെന്റിനത്തിൽ 2019 ജൂലൈ മാസം വരെ നഗരസഭയ്ക്ക് 6,02,91,470/- രൂപ ലഭിക്കാൻ അവശേഷിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ചാർജ് നടപടികളിലൂടെ ഈടാക്കേണ്ടുന്നതായ വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 മൂന്നാനിയിലെ നഗരസഭ വക വസ്തുവിലേക്കുള്ള വഴി -സ്ഥലമെടുപ്പ് - അധികച്ചെലവ്.

ഫയൽ – PW1/11542/17

മൂന്നാനിയിലുള്ള നഗരസഭ വക വസ്തുവിലേക്ക് വഴി നിർമ്മിക്കുന്നതിന് എം.ഡി.ജോസഫ്, മറ്റത്തിൽ, ഭരണങ്ങാനം എന്ന വ്യക്തിയുടെ ളാലം വില്ലേജിൽ, ബ്ലോക്ക് 80ൽ സർവെ നം.125/29-1ൽ പെട്ട 0.1640 ഹെക്ടർ സ്ഥലം പൊന്നിൻ വിലക്കെടുത്തതിനെതിരെ ടിയാൻ പാലാ സബ് കോടതിയിൽ LAR 137/2003 ആയി അപ്പീൽ നല്കുകയും സബ് കോടതി വിധിപ്രകാരമുള്ള സ്ഥലവില കുറവായതിനാൽ ഹൈക്കോടതിയിൽ LAA 393/2006 ആയി അപ്പീൽ നല്കുകയും ചെയ്തു. പ്രസ്തുത അപ്പീലിന്മേൽ ബഹു.കോടതി (19-6-2012 ലെ വിധി) 1 ആർ സ്ഥലത്തിന് 25000/- രൂപ വീതം അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. അതിൻ പ്രകാരം 15-8-17ൽ തയ്യാറാക്കിയ കണക്കുകൾ അനുസരിച്ച് 31-12-2017 വരെയുള്ള കാലയളവിൽ സ്ഥലമുടമസ്ഥ് നൽകേണ്ട ബാക്കി തുകയുടെ വിവരം 20-12-2017 ലെ കത്തു മുഖാന്തിരം ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ നഗരസഭയെ അറിയിക്കുകയുണ്ടായി. കത്തിലെ വിവരമനുസരിച്ച് നൽകേണ്ട തുക 13,12,954/- രൂപയാണ്. എന്നാൽ നഗരസഭ തുക തഹസിൽദാർക്ക് നല്കിയത് 13-4-2018 ലെ 056073 നം.ചെക്ക് പ്രകാരമാണ്. ഇതെത്തുടർന്ന് 30-4-18 വരെയുള്ള പലിശ കൂടി ചേർത്ത് ആകെ തുക 1334780/- എന്ന് കണക്കാക്കി പുതുക്കിയ സ്റ്റേറ്റ്മെന്റ് നല്കുകയും അധിക പലിശ തുകയായ 21826/- രൂപ 2-5-2018 ലെ 129578 നം.ചെക്ക് പ്രകാരം തഹസിൽദാർക്ക് നല്കുകയും ചെയ്തു.

22-12-2017ൽ കോടതി വിധിയും സ്ഥലമുടമസ്ഥ് നൽകേണ്ട തുകയുടെ കണക്കുകളും ലഭ്യമായെങ്കിലും തുക നല്കാൻ താമസം വരുത്തിയതാണ് 4 മാസത്തെ കൂടി പലിശ ആയി 21826/- രൂപ നഗരസഭയ്ക്ക് അധികച്ചെലവ് ഉണ്ടായത്. ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചയാണ് ഈ അധികച്ചെലവിന് കാരണം. ഇതുസംബന്ധിച്ച വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നം.21/22-1-2020 ന് മറുപടി ലഭ്യമായില്ല. മതിയായ രേഖകൾ സഹിതം മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ അധികമായുള്ള 21826/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. 21,826/- രൂപയുടെ അധികചെലവിന് സെക്രട്ടറി ബാധ്യതപ്പെട്ടിരിക്കുന്നു.

## 3-2 കോട്ട് ചെയ്ത നിരക്കിൽ ബിൽ തയ്യാറാക്കിയില്ല- അധികം

# തുക കരാറുകാരന് നൽകി

| | |
|---|---|
| പ്രോജക്ട് നം. | തറപ്പേൽ റോഡ് നിർമ്മാണം<br><br>275/19 |
| അടങ്കൽ | 6,00,000/-(13-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് ) |
| ചെലവ് | 523932/-(ബിൽ നം.18/20.3.19 ) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാർ നം. | 23/17-18 dt 05-10-17 |
| എംബുക്ക് നം. | 44/18-19 |
| കരാറുകാരന് നല്കിയ തുക | 478035 |

തറപ്പേൽ റോഡ് നിർമ്മാണത്തിനായി 6 ലക്ഷം രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഐറ്റം റേറ്റ് ടെൻഡർ ക്ഷണിക്കുകയും ചെയ്തു. കുറഞ്ഞ നിരക്ക് (523932.27/-രൂപ) ക്വോട്ട് ചെയ്ത ജയൻ ഫിലിപ്പ് എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിക്കുകയും ചെയ്തു. ടാറിംഗ് പ്രവൃത്തികൾ നടത്തുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ നടന്ന വേളയിൽ ടി സ്ഥലത്ത് ടാറിംഗ് പ്രായോഗികമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റോഡ് കോൺക്രീറ്റിഗ് നടത്തിയിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന സൈഡ് പ്രൊട്ടക്ഷൻ വർക്കുകൾ മാത്രമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ബിൽ തയ്യാറാക്കിയ വേളയിൽ ഐറ്റം റേറ്റ് ടെൻഡർ പ്രകാരം കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം തുക കണക്കാക്കുന്നതിനു പകരം എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് നല്കി കരാർ തുകയായ 523932.27 രൂപയിൽ പരിമിതപ്പെടുത്തിയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ വേല മൂല്യം - 5,33,546.39

കരാർ തുക – 5,23,932.27

| ഇനം | കണക്കാക്കിയതുക<br><br>എസ്റ്റിമേറ്റ് പ്രകാരമുള്ളത് | കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് | അധികം |
|---|---|---|---|
| Earth work excavation by mechanichal means...---511.537m3 | @190.160<br><br>=97273.8/- | @180.7<br><br>=92434.7 | 4839 |
| Dry rubble masonery—74.741m2 | @2897.76<br><br>=216581.48 | @2752.9<br><br>=205754.49 | 10826.99 |
| ആകെ | | | 15665.99 |

ആകെ വേലമൂല്യം കണക്കാക്കേണ്ടിയിരുന്നത് - 5,17,880.4 (533546.39 - 15665.99)

നല്കിയ തുക - 5,23,932.27

അധികം നൽകിയ തുക – 6,051.87

ഐറ്റം റേറ്റ് ടെൻഡർ പ്രകാരം കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം തുക കണക്കാക്കുന്നതിനു പകരം എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് നല്കി കരാറുകാരന് തുക അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. 6052/- രൂപയുടെ അധികചെലവിന് മുനിസിപ്പൽ എഞ്ചിനീയർ സുദീപ് എസ്. ബാധ്യതപ്പെട്ടിരിക്കുന്നു.

# 3-3 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ

## ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | റോസ് ഗാർഡൻ സെന്റ് ജൂഡ് ഗാന്ധിനഗർ റോഡ് മെയിന്റനൻസ്, 90/ 18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ബേബി ലൂക്ക |
| കരാർനമ്പർ/തീയതി | 52/18-19 Dt.21.08.18 |
| അടങ്കൽ | 3,30,000/- (മെയിന്റനൻസ് ഗ്രാന്റ് -റോഡ് ) |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 31.10.18 |
| നികുതി അടക്കം ആകെ ചെലവ് | 329704/- |
| കരാറുകാരന് നല്കിയ തുക | 312214 /- |
| ബിൽ നം./തീയതി | 112 /22.2.19 |

കരാർ വച്ച് 20 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം 1% പിഴയോടെയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയതി | 23.08.2018 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 31.10.2018. |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത് (20% ഗ്രേസ് പിരീഡ്) | 18.11.18 (ദീർഘീകരണത്തിന് അപേക്ഷ നല്കിയിട്ടില്ല) |
| പൂർത്തിയായത് | 30.01.19 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 3297/- രൂപ |

കരാർ പ്രകാരം 31.10.2018 മുതൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന് പിഴയായ 3,297/- രൂപ ഈടാക്കാതിരുന്നതിനുള്ള വിശദീകരണം നല്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. 3297/- രൂപയുടെ അധികചെലവിന് സുദീപ് എസ്., മുനിസിപ്പൽ എഞ്ചിനീയർ ബാധ്യതപ്പെട്ടിരിക്കുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.08.2019 മുതൽ 22.08.2019 വരെ | കെ.എസ്.എ.കെ.ടി.എം .പി.17 / 1298/2019 തീയതി 29.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്റ്റുകൾക്കായി തൻ വർഷം വിഹിതമൊന്നും ലഭിച്ചിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 202/19 പൂതക്കുന്ന് കുടിവെള്ള പദ്ധതി | 15/20.01.2019 | 10,00,000 | - | 10,00,000 |
| ഭൂജല വകുപ്പ് | 181/19 കിഴതടിയൂർ ചെറുകിട ജലവിതരണ പദ്ധതി | 136/26.03.2019 | 4,00,000 | - | 4,00,000 |
| പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ സെക്ഷൻ, കോട്ടയം | 174/19 മുനിസിപ്പൽ ടൗൺ ഹാൾ എ സി ആക്കൽ രണ്ടാംഘട്ടം | 6/25.06.2018 | 12,62,590 | - | 12,62,590 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2018-19 സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പാ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ ULB- 363/13/ 19.03.13 | 45000000 | 23346746 | 0 | 0 | 2829518 | 23346746 (മുതൽ) |
| കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | | 59094000 | | | | | |
| പി എം എ വൈ – ഭവന നിർമ്മാണം | ജി.ഓ(എംഎസ്) 34/18/16.03.18, ജി.ഒ(എംഎസ്) 110/18/13.08.18 | 4000000 | 0 | 4000000 | 0 | 0 | 4000000 |
| ദേശീയ ചേരി നിർമ്മാർജ്ജനം | സ.ഉ(എംഎസ്) എ1-8326 /99/23-03-2001 | 383000 | 383000 | 0 | 0 | 0 | 383000 |

KURDFC വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു .

## 4-6 സ്ഥിരനിക്ഷേപം

ഓഡിറ്റ് വർഷം നഗരസഭയുടെ സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (മാലിന്യ പരിപാലനത്തിനായി 2004-05 കാലയളവിൽ ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 1,49,97,543/- രൂപയാണ് സ്ഥിരനിക്ഷേപമാക്കിയത്). പ്രസ്തുത തുക ഉപയോഗിച്ച് മാലിന്യനിർമ്മാർജ്ജനത്തിനായി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നിക്ഷേപത്തിന്റെ വിവരം - എസ്.ബി.എെ., പാലാ, അക്കൗണ്ട് നം.32842590800

(FD രസീത് നം.8028380878-9 തീയതി 19.6.15) പലിശ നിരക്ക് – 7%

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,71,69,964 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| തൻവർഷ പലിശ (14/08/18 വരെ) | 5,55,837 |
| ആകെ | 1,77,25,801 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,77,25,801 * |

* 14/08/18 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രമേ നഗരസഭ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. പ്രസ്തുത ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് ചേർത്തിരിക്കുന്നത്. പലിശ വരവ് സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മേൽ തുക വാർഷിക ധനകാര്യപത്രികയിലെ തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. വാർഷിക കണക്ക് B-13 ഷെഡ്യൂൾ പ്രകാരം 1,65,30,138/- രൂപയാണ് നീക്കിയിരിപ്പ്. അപാകത പരിഹരിക്കേണ്ടതാണ്

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 2-4 | 2008-09 | 3-2-2 | ജനസേവന കേന്ദ്രം ഓഫീസ് കമ്പ്യൂട്ടർവത്ക്കരണം ഭീമമായ തുക ഡിപിസി അംഗീകാരമില്ലാതെ ഐ.കെ.എം. ൽ നിക്ഷേപിച്ചു. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | | 2011-12 | പ്രവർത്തനാവലോകനം ഖ.3.2.13 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 മുതൽ | | 2003-04 | 6.4 | ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പാഴ്ചെലവ് | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| 2000-01 വരെ | | | | | പരിഗണനയിൽ |
| 2015-16 | 3-1 | 2016-17 | 4.6.3 | മുനിസിപ്പൽ പാർക്ക് നിർമ്മാണം - അശാസ്ത്രീയമായ ധനവിനിയോഗവും പ്രവർത്തന കലണ്ടറിന്റെ അപര്യാപ്തതയും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 26,42,57,865.53 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 22,49,90,212 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 31,175 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 62,20,955 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 21,826 | ശ്രീ.ബി.അജയകുമാർ, സെക്രട്ടറി ഇൻ-ചാർജ് |
| 3-2 | | 6,052 | ശ്രീ.സുദീപ് എസ്., മുനിസിപ്പൽ എഞ്ചിനീയർ |
| 3-3 | | 3,297 | ശ്രീ.സുദീപ് എസ്., മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | | 31,175 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 14,12,524 | ശ്രീ.എ.നവാസ്, സെക്രട്ടറി |
| 1-28 | 69,100 | ശ്രീ.എ.നവാസ്, സെക്രട്ടറി |
| 1-31 | 69,287 | ശ്രീ.എ.നവാസ്, സെക്രട്ടറി |
| 1-34 | 5,39,403 | ശ്രീ.ബി.അജയകുമാർ, ഹെൽത്ത് സൂപ്പർവൈസർ |
| 1-35 | 82,440 | ശ്രീ.ബി.അജയകുമാർ, ഹെൽത്ത് സൂപ്പർവൈസർ |
| 1-42 | 1,02,000 | ശ്രീ.അജു ബി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-43 | 12,62,590 | ശ്രീ.അജു ബി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-45(2) | 4,00,000 | ശ്രീ.അജു ബി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-47 | 13,111 | ശ്രീ.എ.നവാസ്, സെക്രട്ടറി |
| 1-48 | 10,00,000 | ശ്രീ.അജു ബി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-53 | 52,500 | ശ്രീമതി സബീനാ ബീവി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-55 | 3,00,000 | ശ്രീ.ബി.അജയകുമാർ, ഹെൽത്ത് സൂപ്പർവൈസർ |
| ആകെ | 62,20,955 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബി.അജയകുമാർ, സെക്രട്ടറി ഇൻ-ചാർജ് | സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ | അഖില ഭവൻ, ആനാട് പി.ഒ., നെടുമങ്ങാട്, തിരുവനന്തപുരം-695544 |
| ശ്രീ.സുദീപ് എസ്., മുനിസിപ്പൽ എഞ്ചിനീയർ | നഗരസഭ, തൊടുപുഴ | അരപ്പനാൽ, കൊന്നത്തടി പി.ഒ., മാരാക്കാനം ഇടുക്കി-685563 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-01 | എൽ.എഫ്.കെ.(എം.എൽ)1027/99 | |
| 1991-92 | എൽ.എഫ്.കെ.(എം.എൽ)713/96- 2.8.97/7.11.97 | |
| 1992-93 | എൽ.എഫ്.കെ.(എം.എൽ)742/97/18.6.98/ 9.12.98 | |
| 1996-97 | എൽ.എഫ്.കെ.(എം.എൽ)1166/10/5.1.11 | |
| 1997-98 | എൽ.എഫ്.കെ.(എം.എൽ) 921/01/ 16.11.01 / 28.09.11 | |
| 1998-99 ചെലവ് | എൽ.എഫ്.കെ.(എം.എൽ)1282/01/9.4.02/ 7.10.02 | |
| 1999-00 | എൽ.എഫ്.കെ.(എം.എൽ)922/07/4.7.09/8.9.09 | |
| 2000-01 | എൽ.എഫ്.കെ.പി.8/626/15/15.4.16 | |
| 2001-02 | എൽ.എഫ്.കെ.പി.8/625/15/03.12.15 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.(എം.എൽ)264/06/22.7.08/6.9.08 | |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി 8/628/15/3.12.15 | |
| 2003-04 വരവ് | എൽ.എഫ്.കെ.പി 8/620/15/15.04.16 | |
| 2004-05 | എൽ.എഫ്.കെ.(എം.എൽ)924/07/4.7.09/8.9.09 | |
| 2005-06 ചെലവ് | എൽ.എഫ്.കെ.(എം.എൽ)1260/10/16.07.11 | |
| 2005-06 വരവ് | എൽ.എഫ്.കെ.പി8/627/15/10.08.15 | |
| 2006-07 | എൽ.എഫ്.കെ.(എം.എൽ)1319/10/07.01.11 | |
| 2007-08 | എൽ.എഫ്.കെ.(എം.എൽ)128/11/5.9.11 | |
| | | |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.കെ.പി8/236/11/14.3.12 | |
| 2009-10 | എൽ.എഫ്.കെ.പി8/1622/11/20.4.12 | |
| 2010-11 | എൽ.എഫ്.കെ.പി8/7/12/11.7.12 | |
| 2011-12 | എൽ.എഫ്.കെ.പി8/344/13/31.5.13 | |
| 2012-13 | എൽ.എഫ്.കെ.പി8/379/15/4.6.15 | |
| 2013-14 | എൽ.എഫ്.കെ.പി8/769/15/28.01.16 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി-8/872/16/08.02.17 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി-17/656/17/ 18.03.18/21.03.18 | 40 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-17/1637/17/ 17.04.18 | 42 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി-17/192/19/ 30.08.19 | 50 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി.17/104/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 23.04.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **പാലാ നഗരസഭയുടെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ എന്റെ അഭിപ്രായത്തിൽ **പാലാ നഗരസഭയുടെ 2018-19 ലെ** വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നില്ല എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**